
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 34 | THE ONLINE OFFICIAL NEWS BULLETIN | 2024 August 02

SEASON OF TRANSFIGURATION തേജസ്കരണകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
11th Sunday after Pentecost ♫2 **4**	♫6 **5**	  ♫6 Mtale The Feast of Transfiguration 59th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC (Bethany Asram Perunad) **6**	 ♫6 Comme. of St. Demetrios of Thessaloniki **7**	♫2 **8**	 ♫6 Comme. Of St. Mathias the Apostle Mem. of Arch Deacon Geevarghese the Great (Angamaly Cheriay Palli) **9**	♫2 **10**



പരുമല സെമിനാരിയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിനോട് ചേർന്ന് വിശ്വാസികൾക്ക് മെഴുകുതിരികൾ സമർപ്പിക്കുന്നതിനായി പ്രത്യേകമായി ക്രമീകരിച്ച സ്ഥലത്തിന്റെ ആശീർവാദ കർമ്മം പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു. മലങ്കര മൽപ്പാൻ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർഎപ്പിസ്കോപ്പാ, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ തുടങ്ങിയവർ സംബന്ധിച്ചു.



മാർപാപ്പയുടെ പ്രതിനിധികളായി വത്തിക്കാനിൽ നിന്ന് വന്ന വൈദികർ പരുമല ആശുപത്രി സന്ദർശിച്ചു.



തിരുവനന്തപുരം ഭദ്രാസന കാതോലിക്കാദിന നിധിശേഖരണം ഇടമുളയ്ക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ച് നടന്നു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം സഭയുടെ ഫിനാൻസ് കമ്മിറ്റി പ്രസിഡന്റും, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുമായ യൂഹാനോൻ മാർ പോളികർപ്പോസ് ഉദ്ഘാടനം ചെയ്തു.



റോമിൽ നിന്നുള്ള മാർപാപ്പയുടെ സഭൈക്യ പ്രതിനിധി സംഘം പ. കാതോലിക്കാ ബാവായെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സന്ദർശിച്ചപ്പോൾ. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്താ, എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, ഫാ. അശ്വിൻ ഫെർണാണ്ടസ്, ഡീക്കൻ ജിതിൻ മാത്യു ഫിലിപ്പ് എന്നിവർ സമീപം.



തിരുവാർപ്പ് മർത്തശ്മൂനി ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ മർത്തശ്മൂനി മാതാവിന്റെ ഓർമ്മ പെരുന്നാളും, ഇടവകയുടെ 69–ാം വലിയ പെരുന്നാളും ആഘോഷിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യ കാർമ്മികത്വം വഹിച്ചു.



മാർപാപ്പയുടെ പ്രതിനിധികളായി വത്തിക്കാനിൽ നിന്ന് വന്ന വൈദികർ കൂനൻകുരിശ് തീർത്ഥാടന കേന്ദ്രം സന്ദർശിച്ചു. തീർഥാടന കേന്ദ്രം മാനേജർ ബെന്യാമിൻ തോമസ് റമ്പാൻ പ്രതിനിധികളെ സ്വീകരിച്ചു. റോമിൽ നിന്നും വന്ന വൈദികർ ലത്തീൻ ഭാഷയിൽ പ്രാർത്ഥന നടത്തി.

വയനാട് ദുരന്തം: രക്ഷാ പ്രവർത്തനങ്ങൾക്ക് സഭാ മക്കളുടെ സഹായങ്ങൾ ഉണ്ടാകണം

വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ അനേകർ അകപ്പെട്ടു എന്ന വാർത്ത അത്യന്തം വേദനാജനകമാണ്. രക്ഷാപ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരികയാണല്ലോ. രക്ഷാ പ്രവർത്തനങ്ങൾക്ക് നമ്മുടെ സഭാ മക്കളുടെ സഹായങ്ങൾ ഉണ്ടാകണം. പ്രിയപ്പെട്ടവരുടെ മരണത്തിൽ അഗാധ ദുഃഖത്തിൽ ആയിരിക്കുന്ന ഏവർക്കും സമാശ്വാസം ലഭിപ്പാനായി പ്രാർത്ഥിക്കുന്നു. മരണപ്പെട്ടവർക്ക് ആദരവുകൾ അർപ്പിക്കുന്നു. ദുഃഖത്തിൽ പങ്കുചേരുന്നു.

സഭയിലെ ആത്മീയ പ്രസ്ഥാന അംഗങ്ങളുടെ അടിയന്തിര ശ്രദ്ധക്ക്

വയനാട്ടിൽ ഉണ്ടായ അതിതീവ്രമായ ഉരുൾ പൊട്ടൽ ദുരന്തത്തിൽ ഒരു നാടാകെ വിറങ്ങലിച്ചു നിൽക്കുന്ന സങ്കടകരമായ കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്. ദുരന്തത്തിൽ അകപ്പെട്ടവരുടെ രക്ഷയ്ക്കായി രക്ഷാപ്രവർത്തകർ വളരെ ശ്രമകരമായ ദൗത്യം നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദുരന്തത്തിന്റെ ആഘാതത്തിൽ സകലതും നഷ്ടപ്പെട്ട നമ്മുടെ പ്രിയ സഹോദരങ്ങളെ സഹായിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ എല്ലാ ഭദ്രാസനങ്ങളിലെയും ആത്മീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ദുരന്തബാധിത പ്രദേശത്ത് ആവശ്യമായ ആഹാരം, വസ്ത്രം, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ നൽകുവാൻ വേണ്ടുന്ന ക്രമീകരണങ്ങൾ ഉടൻ തന്നെ നിർവഹിക്കണം എന്ന് അറിയിക്കുന്നു. നമ്മുടെ മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ്, സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർണബാസ്, ഫാ. ബേബി ജോൺ, ഫാ. ടോം തോമസ് എന്നിവരോട് ദുരന്തമുഖത്ത് വേണ്ട ശ്രദ്ധ ചെലുത്തണമെന്ന് നാം ആവശ്യപ്പെട്ടിട്ടുണ്ട്

ഫാ. ബേബി ജോൺ , ഫാ. ടോം തോമസ് എന്നിവരെ ഈ കാര്യങ്ങളുടെ ക്രമീകരണങ്ങൾക്കായി നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

ഫാ. ബേബി ജോൺ: 9961490914

ഫാ. ടോം തോമസ്: 9495084884

– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ





ദുരിത ബാധിതരൊടൊപ്പം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം

കോട്ടയം: വയനാട് പ്രകൃതി ദുരന്തത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ക്രൈസ്തവ യുവജനപ്രസ്ഥാനം അടിയന്തിര എക്സിക്യൂട്ടീവ് സമിതി യോഗം ചേർന്ന് ദുരിത ബാധിതർക്ക് അടിയന്തിര സഹായം ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. പ. കാതോലിക്കാ ബാവായുടെ കല്പന അനുസരിച്ച് ബത്തേരി ഭദ്രാസനവുമായി ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ യൂണിറ്റുകൾക്ക് നിർദേശം നൽകുവാൻ തീരുമാനിച്ചു. ദുരിതബാധിതർക്ക് ശാശ്വതമായ പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുവാൻ പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ നിർദ്ദേശിച്ചു. പ. സഭയുടെയും പരിശുദ്ധ ബാവായുടെയും തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമായിരിക്കണം പ്രവർത്തനങ്ങൾ എകോപിപ്പിക്കേണ്ടത് എന്ന് തിരുമേനി അഭിപ്രായപ്പെട്ടു. വയനാട്ടിൽ ദുരന്തമുഖത്ത് സന്നദ്ധ പ്രവർത്തനത്തിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്ന ഫാ. ബേസിൽ, സനീഷ് എന്നിവർ കാര്യങ്ങൾ വിശദീകരിച്ചു. ഫാ. ഷിജി കോശി, ഫാ വിജു ഏലിയാസ്, പേൾ കണ്ണേത്ത്, റോബിൻ വർഗീസ്, നിഖിൽ ജോയി, രെഞ്ചു എം ജെ, സജയ് തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ദുരന്തത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

പ്രകൃതി ദുരന്തങ്ങളിൽ കൂടുതൽ ജാഗ്രത പാലിക്കുവാനും ത്വരിത ഗതിയിലുള്ള രക്ഷാപ്രവർത്തനത്തിനുള്ള സാഹചര്യം ഒരുക്കുവാനും അധികാരികളോട് യോഗം ആഹ്വാനം ചെയ്തു. സഹായങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിൽ തന്നെ എത്തുന്നുണ്ടെന്നു ഉറപ്പു വരുത്തുവാൻ ജാഗ്രത പുലർത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. ദുരന്തത്തിൽ നിന്ന് രക്ഷപെട്ടു ഒറ്റപ്പെട്ടു ജീവിതത്തിനുള്ള വഴിയടഞ്ഞിരിക്കുന്നവരുടെ കൃത്യമായ വിവരശേഖരണം നടത്തി അവരെ സ്വാഭാവിക ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുവാനുള്ള കൂട്ടായ പരിശ്രമത്തിൽ കേരള സമൂഹമനസാക്ഷിയുടെ കൂടെ എന്നും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം സർവ്വസജ്ജമായി ഉണ്ടാകും എന്നും മാർ യൂലിയോസ് പ്രസ്താവിച്ചു. ബത്തേരി ഭദ്രാസന മെത്രാപ്പോലീത്തായുമായി നിരന്തരം ആശയ വിനിമയം നടത്തുന്നുണ്ടെന്നും ഭദ്രാസനത്തിന്റെ നിർദ്ദേശം ലഭിച്ചാൽ അവിടെ എത്തുവാൻ താൻ സന്നദ്ധനാണെന്നും ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പറഞ്ഞു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

541. മാറാച്ചേരിൽ ഇത്താപ്പിരി കത്തനാർക്കു. രാമനാട്ട് ശെമ്മാച്ചനെ സംബന്ധിച്ചു. 1095 ഇടവം 13-നു. കോട്ടയം സിമ്മനാരി.

542. നിലയ്ക്കൽ പള്ളിക്കാർക്കും

543. പാമ്പാടി പള്ളി കശീശന്മാർക്കും

544. പട്ടച്ചേരിൽ അലക്സന്ത്രയോസ് കത്തനാർക്കും

545. മൂലമണ്ണിൽ തോമ്മസു കത്തനാർക്കും

546. എണ്ണച്ചേരിൽ യോഹന്നാൻ കത്തനാർക്കും

547. ചക്കുപുരയ്ക്കൽ പുന്നൂസു കത്തനാർക്കും റീശീസാ അയക്കണമെന്നു. ടി തീയതി. ടി സ്ഥലം.

548. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും പരുമല സംഗതി സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

549. ഈവാനിയോസ് മെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

550, 551. തേനുങ്കൽ ഗീവറുഗീസ് കത്തനാർക്കു. റീശീസാ, രാജി മുതലായവയെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

552. പറമ്പിൽ കോശി കത്തനാർക്കു. വാളക്കുഴി ശെമ്മാച്ചനെ അയക്കണമെന്നു. ടി തീയതി. ടി സ്ഥലം.

553. പീടികയിൽ ഗീവറുഗീസു കത്തനാർക്കു. പണപിരിവിനു ഉത്സാഹിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

554. എ. ജെ. ഡേവിഡിനു. മൂപ്പച്ചന്റെ മരണത്തിൽ അനുശോചിച്ചു. 1095 ഇടവം 13-നു. കോട്ടയം സിമ്മനാരി.

555. കന്നിട്ടവീട്ടിൽ കുഞ്ഞിക്കോരയ്ക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. 1095 ഇടവം 13. കോട്ടയം.

556. വി. എം. കൊച്ചയ്പ്പിനു. ടിയാൻ പരുമല വരണമെന്നു. ടി തീയതി. ടി സ്ഥലം.

557. പണിക്കരു കത്തനാരച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

558. കാക്കശേരി ഇട്ടിമാണി മാത്തുവിനു. പുത്തൻപള്ളി പണിയിൽ ഉത്സാഹിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

559. ഒരു ഇലമുറിയിൽ കുടിപാർക്കുന്നവർക്കു. ... എന്റെ ഒരു പള്ളിക്കാരുടെ ചോദിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

561. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. ചേലക്കര പള്ളി വീഴ്ച കൂടാതെ നടത്തിക്ക, കൈസ്ഥാനം ... അവിടെ എത്തി യോഗം കൂടി വേണ്ടതു ചെയ്ക മുതലായവ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

562. ആർത്താറ്റു കുന്ദംകുളം പള്ളി കശീശന്മാർക്ക്. ചേലക്കര പള്ളി മൂപ്പുമുറയനുസരിച്ചു നടത്തണമെന്നു. 1920-നു 1095 ഇടവം 14-നു കോട്ടയം സിമ്മനാരി.

563. വാലികൊടുത്ത ചാക്കു കുരിയതിനു. ചേലക്കരപള്ളി വീഴ്ച കൂടാതെ നടത്തുന്നതിനു കുന്ദംകുളം കശീശന്മാർക്കു കല്പന അയച്ചിട്ടുണ്ടെന്നും പറഞ്ഞു സമ്മതിച്ചിട്ടുള്ള ശമ്പളം കൊടുക്കണമെന്നും. കൈസ്ഥാനം ദീർഘകാലം വെച്ചുകൊണ്ടിരിക്കുന്നതു നന്നല്ലെന്നും മുൻപറഞ്ഞിട്ടുള്ളപ്രകാരം താന്നിക്കൽ ഇയ്യുവിനെ കൈസ്ഥാനം ഏൽപ്പിക്കണമെന്നും അതിലേക്കായി തെക്കേക്കര കത്തനാർ വരുന്നതാണെന്നും മറ്റും. 1920-നു 1095 ഇടവം 14-നു. കോട്ടയം സിമ്മനാരി.



564. താന്നിക്കൽ ഇയ്യുവിനു. ടി സംഗതി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

565. ചേലക്കര പള്ളിക്കാർക്കു. ടി പള്ളി നടത്തുന്നതിനു ആർത്താറ്റു കുന്ദംകുളം പള്ളി കശീശാമാർക്കു കല്പന അയച്ചിട്ടുണ്ടെന്നും കൈസ്ഥാനം മാറി ഏല്പിക്കുന്നതിന് യോഗം കൂടുന്നതിനുവേണ്ടി തെക്കേക്കര കത്തനാരെ കല്പനയോടു കൂടെ അയക്കുന്നുയെന്നും അതുപ്രകാരം പ്രവൃത്തിച്ചുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

566. ... ചേലക്കര വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

567. കുറിയാക്കോസു റമ്പാച്ചന്. ദയറായ്ക്കു കല്ലിടുന്നതിനു പീലക്സിനോസു മെത്രാച്ചൻ അവിടെ വരുന്നതിനു ശട്ടം കെട്ടിയിട്ടുണ്ടെന്നും മണ്ണൂകടുപ്പിൽ ശെമ്മാച്ചനു പട്ടം കൊടുക്കുന്നതിനു അയാളുടെ പഠിത്തത്തെ സംബന്ധിച്ച് റമ്പാച്ചന്റെ ഒരു സാക്ഷിപത്രം ഉണ്ടായിരിക്കണമെന്നും ശെമ്മാച്ചൻ ക്രമ

ങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ നല്ലതുപോലെ പഠിച്ച് കഴിഞ്ഞതിന്റെശേഷം പട്ടം കൊടുത്താൽ നന്നായിരിക്കുമെന്നും മറ്റും. 1095-ാമാണ്ടു ഇടവമാസം 14-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

568. മാത്തുളേച്ചനും വള്ളക്കാലിൽ ഉണ്ണൂണ്ണിക്കും. മാത്തുളേച്ചന്റെ മക്കളെ സിമ്മനാരിയിൽ നിന്നും പറഞ്ഞു വിടുകയോ അവർ പിരിഞ്ഞുപോകയോ ചെയ്യുന്നതായി കേൾക്കുന്നതിനെക്കുറിച്ച് ചോദിച്ചറിവാൻ വേണ്ടി അവർ ഇത്രടം വന്നുപോകണമെന്ന്. 1095-മാണ്ട് ഇടവ മാസം 16-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

569. കാരാട്ടുകുന്നേൽ പള്ളിക്കാർക്ക്. തുരുത്തേലായ വട്ടമറ്റത്തിൽ യാക്കോബു കത്തനാരെക്കൊണ്ടു കൂടെ ടി പള്ളി വീഴ്ച കൂടാതെ നടത്തിച്ചു കൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

570. നിരണത്തു പള്ളിക്കാർക്ക്. അടുത്ത ചൊവ്വാഴ്ച കഴിഞ്ഞു ആ പള്ളിയിൽ എത്തുന്നതാണെന്നും മറ്റും. 1920-നു 1095 ഇടവം 16-നു. കോട്ടയം സിമ്മനാരി.

571. കെ. വി. ഈപ്പനു. ബാലികാമഠം കൂദാശ ചെയ്യുന്നതിനായി അടുത്ത ചൊവ്വാഴ്ച 4 മണിക്കു അവിടെ എത്തുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

572. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്കും സൗകര്യം പോലെ ഇത്രടം വരണമെന്നും. ടി തീയതി. ടി സ്ഥലം.

573. ചെറിയമഠത്തിൽ മൂപ്പച്ചന്. കല്യാണത്തിനു അടിയറ വയ്പിക്കുന്നതിനു ആ ഇടവകയിലെ മുൻപതിവനുസരിച്ച് ചെയ്തുകൊള്ളണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

574. മാത്തുള്ള മാപ്പിളയ്ക്കു. ഉണ്ണൂണ്ണിയുമായുള്ള സംഗതികൾ പറഞ്ഞു തീരുന്നതിനു ശ്രമിക്കണമെന്നും മറ്റും. 1920-നു 1095 ഇടവം 18-നു. കോട്ടയം സിമ്മനാരി.

575. തെങ്ങുവിളയിൽ അബ്രഹാം കത്തനാർക്കു. ശെമ്മാച്ചന്റെ സംഗതി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

576. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1095 ഇടവം 18-നു. കോട്ടയം സിമ്മനാരി.

577. പീലക്സിനോസ് മെത്രാച്ചനു. മണ്ണുകടുപ്പിൽ ശെമ്മാച്ചനു കത്തനാരു പട്ടം കൊടുക്കണമെന്നും മറ്റും. 1095 ഇടവം 18-നു. കോട്ടയം.

1920-നു 1095 ഇടവം 19-നു കോട്ടയം സിമ്മനാരിയിൽ നിന്നും ഉച്ചകഴിഞ്ഞു മോട്ടോർ കാർ മാർഗ്ഗം പുറപ്പെട്ടു 4 മണിക്കു തിരുമൂല ബാലികാമഠത്തിൽ സ്കൂൾ കൂദാശ ചെയ്തശേഷം സന്ധ്യയോടു കൂടി പുറപ്പെട്ടു തിരുവല്ലാ പുത്തൻപള്ളിയിൽ എത്തി താമസിച്ചു. 20-നു ബുധനാഴ്ച രാവിലെ എം.ജി. എം. സ്കൂൾ സന്ദർശിച്ചു. അനന്തരം കാപ്പിമേശ കഴിഞ്ഞു വണ്ടിമാർഗ്ഗം പുറപ്പെട്ടു 11 മണിയോടു കൂടി നിരണത്തു പള്ളിയിൽ എത്തി.

578. മങ്കുഴിയിൽ ഗീവറുഗീസ് കത്തനാർക്കു. നിലം, വള്ളം ഇവ വാങ്ങിക്കുന്നതിനെ സംബന്ധിച്ചു. 1920-നു 1095 ഇടവം 22-നു. നിരണത്തു പള്ളി.

579. വൈദിക വിദ്യാഭ്യാസത്തിനും മറ്റും പണപ്പിരിവിനെ സംബന്ധിച്ച്. 1920-നു 1095 ഇടവം 23-നു നിരണത്തു പള്ളിയിൽ നിന്നു പാണ്ടങ്കരി പുത്തൻപള്ളിക്കാർക്കു അയച്ചു.

580. നിരണം തുണ്ടിയിൽ തോമ്മായിക്കു. അടുത്ത ബുധനാഴ്ച ഇത്രടം വന്നുപോകണമെന്നു. 1920-നു 1095 ഇടവം 25-നു നിരണത്തു പള്ളിയിൽ നിന്നും.

581. തുള്ളകളത്തിൽ അയ്പിനും.
582. അരിപ്പാട്ടുതറ അയ്പിനും.
583. കടവിൽ രാമച്ചയ്ക്കും.
584. മലയിൽ വറീതിനും.
585. മണലിൽ ഗീവറുഗീസിനും.
586. പടിഞ്ഞാറേ ചിറേൽ ഇളയകുഞ്ഞിനും.
587. കണ്ടപറമ്പിൽ കോരുതിനും.
588. വാഴയിൽ ചാക്കോയിക്കും.
589. കാട്ടുപറമ്പിൽ ഇക്കയ്ക്കും.
590. നെടുവേലി പറമ്പിൽ മത്തായിക്കും.
591. കാടാച്ചേരിൽ ഗീവറുഗീസിനും.
592. കണ്ടപറമ്പിൽ കൊച്ചുവാദ്ധ്യാർക്കും.
593. മാതാമ്പ്രത്തു കൊച്ചൂഞ്ഞിനും.
594. കണ്ടപറമ്പിൽ ഈപ്പനും.
595. മലയിൽ മാമ്മൻ വാദ്ധ്യാർക്കും.
596. മാതാമ്പ്രത്തു നൈനാനും.
597. ചിറേപറമ്പിൽ മാമ്മനും.
598. കൊച്ചുകനിക്കാടിൽ കുഞ്ഞുവർക്കിക്കും.
599. അരുവാത്തല കൊച്ചൂഞ്ഞിനും.
600. പ്രക്കാട്ടേത്തു ഗീവറുഗീസിനും.
601. തച്ചേതിൽ ചാക്കോയിക്കും.
602. വൈശ്യനേത്തു നൈനാനും.
603. പാലത്തിങ്കൽ കൊച്ചിക്കായിക്കും.
604. കിഴക്കേചിറമേൽ ഗീവറുഗീസിനും.
605. കാറ്റിയാട്ടിൽ അന്ത്രയോസിനും.
606. പള്ളത്തു ചാക്കോയിക്കും.
607. മണലേൽ കുര്യനും.
608. പരുത്തിക്കൽ കോശിയ്ക്കും.
609. കരിമ്പിൽ കീവറീച്ചനും.
610. ഉയേച്ചേരിൽ കൊച്ചൂഞ്ഞിനും.
611. തേരടിയിൽ പാപ്പിയ്ക്കും.
612. തേരടി ...
613. കളപ്പുരയിൽ ചെറിയാനും.
614. തായനാലിൽ കൊച്ചൂഞ്ഞീനും.
615. മുട്ടങ്കേരിൽ കുഞ്ഞിനും.
616. മഠത്തിൽ ചാണ്ടിക്കും.
617. തുണ്ടിയിൽ പാപ്പിക്കും.
618. പന്തിരുപറയിൽ ഈപ്പനും.
619. ... ചാണ്ടിക്കും. ....
624. വെളിയത്തു ഉണ്ണൂണ്ണിക്കും.
625. മോടിശേരിൽ മാത്തുവിനും.
626. തേക്കിൽ മൂത്തകുഞ്ഞിനും.
627. കൊട്ടാപ്പെള്ളിൽ ഗീവറുഗീസിനും.
628. കല്ലുങ്കൽ തോമ്മായിക്കും.
630. ആറ്റുകടവിൽ കൊച്ചൂഞ്ഞിനും.
631. വടക്കേപ്രത്തു പാപ്പിക്കും.
632. പൂവമ്മേലിൽ ഗീവറുഗീസിനും.
633. മന്നച്ചുവട്ടിൽ പുനച്ചാലിൽ ഫീലിപ്പോസിനു.
634. കാക്കനാട്ടു കുഴിയിൽ ...
635. എട്ടുനിലത്തുപറമ്പിൽ കൊച്ചൂഞ്ഞിനും.
636. കിഴക്കേവീട്ടിൽ വർക്കിക്കും.
638. കൊച്ചുപുരയ്ക്കൽ കൊച്ചൂഞ്ഞിനും.
639. കോരാ കുര്യനും.
640. തേക്കിൽ ചാക്കോയ്ക്കും.
641. ... മാത്തുണ്ണിക്കും.
642. മട്ടയ്ക്കൽ മാത്തനും.
643. കിഴക്കേ മട്ടയ്ക്കൽ തോമ്മായിക്കും.
644. ... തോമ്മായ്ക്കും.
645. ഇലഞ്ഞിക്കൽ പുത്തമ്പുരയിൽ ചാക്കോയിക്കും.
646. വരത്രപള്ളത്തു കുര്യനും.
647. തേക്കൽപറമ്പിൽ തോമ്മായിക്കും.
648. എടപ്പള്ളിപറമ്പിൽ ചാണ്ടിക്കും.
649. മട്ടയ്ക്കൽ ബഹനാനും.
650. പള്ളത്തു തോമ്മായിക്കും.
651. കിഴക്കേ മട്ടയ്ക്കൽ കൊച്ചൂഞ്ഞിനു.
652. വാതപ്പള്ളിൽ ...

687. എം. പി. പത്രോസ് ശെമ്മാച്ചന്ന്,

പ്രിയനെ താൻ നമുക്കയച്ച സ്റ്റുഡൻസ് കോൺഫറൻസിന്റെ റസലൂഷനും ആരാധനക്രമങ്ങൾ മലയാളത്തിൽ അച്ചടിപ്പിക്കുന്നതിനു ഒരു കമ്മട്ടിയെ നിയ

മിക്കണമെന്നുള്ള മെമ്മോറിയലും കുന്ദംകുളങ്ങരെ ആവശ്യങ്ങളെ സംബന്ധിച്ചയച്ച എഴുത്തും കിട്ടി. കുർബ്ബാന തക്സാ തൽക്കാലം തർജ്ജമ ചെയ്ത് അച്ചടിപ്പിക്കുന്ന സംഗതിയെക്കുറിച്ച് നാം തന്നോട് വിരോധിച്ചിട്ടുള്ളതാകുന്നു. ആ നമ്മുടെ വിരോധത്തെ വകവയ്ക്കാതെയും മേൽപട്ടക്കാരുടെ ആരുടെയും അനുവാദം കൂടാതെയും ആയതു താൻ ഇപ്പോൾ അച്ചടിപ്പിച്ച് വിലയ്ക്കു വിറ്റു വരുന്നതായി അറിയുന്നു. ഇപ്രകാരം തന്നിഷ്ടവും ധിക്കാരവും ആയി പ്രവർത്തിക്കുന്ന ഒരാളിൽ നിന്ന് സഭയ്ക്ക് എന്തെങ്കിലും ഗുണം വരുമെന്ന് നമുക്കാശയും അഭിപ്രായവും ഇല്ല. അതിനാൽ തന്റെ ഈ സ്വഭാവം മാറിയതായി വെളിപ്പെടുന്നതുവരെ ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് താൻ നമുക്ക് എഴുതി അയക്കണമെന്നില്ല. അല്ലാതെ എഴുതി അയച്ചാൽ നാം മറുപടി അയക്കുന്നതല്ലെന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും സദാ വർദ്ധിച്ചിരിക്കട്ടെ. എന്ന് 1920-നു 1095 ഇടവം 27-ാം തീയതി നിരണത്തു പള്ളിയിൽ നിന്നും.

688. വടക്കേടത്തു ഗീവറുഗീസു കത്തനാർക്ക്. മകളുടെ കല്യാണത്തെ ആശീർവദിച്ചും അനുഗ്രഹിച്ചും. ടി തീയതി. ടി സ്ഥലം.

689. കാട്ടുമങ്ങാട്ടു ലാസറിനു. ശെമ്മാച്ചന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

690. വടുതല ഈശോ കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

691. തേരകത്തു ചെറിയാൻ കുഞ്ഞിനു. ടി തീയതി. ടി സ്ഥലം.

692. കൊന്നയിൽ യോഹന്നാനു. ... 1920-നു 1095 ഇടവം 27-നു നിരണം.

693. പള്ളിപ്രം കല്ലറയ്ക്കൽ മത്തായിക്കു. ടിയാന്റെ അപ്പന്റെ മരണത്തിൽ അനുശോചിച്ചു. 1920-നു 1095 ഇടവം 27-നു. നിരണത്തു പള്ളി.

694. വീയപുരത്തു പള്ളിക്കാർക്കു. അടുത്ത ശനിയാഴ്ച അവിടെ എത്തുന്നതാണെന്നും മറ്റും. 1095 ഇടവം 28-നു. നിരണം പള്ളി.

695. ആർത്താറ്റു കുന്ദംകുളം പള്ളികൾക്കു. പനയ്ക്കൽ യാക്കോബു കത്തനാർക്കു തവണ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായം എഴുതി അറിയിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

696. കോലംകണ്ടത്തിൽ മൂത്തകുഞ്ഞിന്. ... പള്ളിക്കാര്യം കേട്ടു തീരുമാനിക്കുന്നതിനു അടുത്ത ശനിയാഴ്ച ഇവിടെ വന്നുചേരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

697. പുതിയോട്ട് കുരുവിള വർക്കിക്കു. ടിയാന്മാരുടെ പള്ളിക്കാര്യം കേട്ടു തീരുമാനിക്കുന്നതിനു അടുത്ത ശനിയാഴ്ച ഇവിടെ വന്നുചേരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

698. ഒ. എം. ചെറിയാൻ ഇൻസ്പെക്ടർക്കു. വി. യോഹന്നാൻ എന്ന ആളിനു ഒരു വാദ്ധ്യാർ ജോലി കൊടുത്താൽ കൊള്ളാമെന്നും മറ്റും. 1095 ഇടവം 29-നു നിരണത്തു പള്ളി.

699. തറയിൽ കുഞ്ഞുവർക്കിക്ക്. വർത്തമാനങ്ങളെക്കുറിച്ചും ഒരു വാദ്ധ്യാരെക്കുറിച്ചും. 1095 ഇടവം 29-നു. നിരണത്തു പള്ളി.

700. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. എം.ഡി. സിമ്മനാരിയിൽ വാദ്ധ്യാന്മാരെ നിയമിക്കുന്നതിനെക്കുറിച്ചു. ടി തീയതി. ടി. സ്ഥലം.

701. മട്ടയ്ക്കൽ മല്പാന്. വർത്തമാനങ്ങളെക്കുറിച്ച്. ടി തീയതി. ടി. സ്ഥലം.

702. പുത്തങ്കാവു പള്ളി ഇടവകക്കാരായ മാമ്മൂട്ടിൽ ഗീവറുഗീസ് മുതൽ പേർക്ക്. നാം താമസിയാതെ അവിടെ എത്തുമെന്നും അപ്പോൾ അവിടുത്തെ കുഴപ്പങ്ങൾക്കും മറ്റും പരിഹാരം ഉണ്ടാക്കാമെന്നും വേറെ മാർഗ്ഗത്തിൽ പോകുന്നതു കുഴപ്പങ്ങൾ വർദ്ധിക്കുന്നതിനാണ് ഇടയെന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

703. കൈപ്പട്ടൂർപള്ളിക്കു. മുതൽചുമതലക്കു യോഗനിശ്ചയപ്രകാരം മുൻ ചുമതലക്കാരനെ തന്നെ ഒരാണ്ടേക്കു കൂടെ സ്ഥിരപ്പെടുത്തിയിരിക്കുന്നതായും മറ്റും. ടി തീയതി. ടി. സ്ഥലം.

704. തേരകത്തു ചെറിയാൻകുഞ്ഞിനു. മുതൽചുമതലക്കാരനെ സംബന്ധിച്ചുള്ള കല്പനയും അയക്കുന്നു എന്നും യോഗാപേക്ഷ കൂടെ തിരികെ അയക്കുന്നു എന്നും മറ്റു വർത്തമാനങ്ങൾക്കും.

705. പാണ്ടങ്കേരി പുത്തൻപള്ളിക്കാർക്കു. മുതൽചുമതലയ്ക്കു ഒരാണ്ടേക്കു ആനിക്കാട്ടു കുര്യൻ മാമ്മനെയും കണക്കിനു ചെത്തിപ്പുരയ്ക്കൽ പുത്തൻപുരയിൽ പീലിപ്പോസു ഇസ്രായേലിനെയും സ്ഥിരപ്പെടുത്തിയിരിക്കുന്നതായും അറക്കപറമ്പിൽ ഗീവറുഗീസ് ഇക്കയെ കല്പനയിൽ പറയുന്ന പ്രായശ്ചിത്തങ്ങൾ ചെയ്യിച്ചുകൊണ്ട് കൂട്ടിച്ചേർത്ത് നടത്തിക്കൊള്ളണമെന്നും മറ്റും. 1095 ഇടവം 29-നു. നിരണത്തുപള്ളി.

706. തോനയ്ക്കാട്ടു പാലമൂട്ടിൽ എം. ഗീവറുഗീസ് കത്തനാർക്കു. തട്ടാശ്ശേരിൽ കത്തനാരുടെ മുടക്കുതീർക്കുന്നതിനു ഇന്നപ്രകാരം ചെയ്യണമെന്നും മറ്റും. ടി തീയതി. ടി. സ്ഥലം.

707. ആത്മീയ മക്കൾ എല്ലാവർക്കും. കോട്ടയത്തു പുത്തൻഅങ്ങാടിയിൽ കരവട്ടുപറമ്പിൽ ചാക്കോ മാത്തനെന്നയാളിന്റെ മകളെ കെട്ടിച്ചയക്കുന്നതിനു കഴിവുള്ള സഹായങ്ങൾ ഓരോരുത്തരും ചെയ്തുകൊടുക്കണമെന്നും മറ്റും. 1095 ഇടവം 30-നു നിരണത്തു പള്ളിയിൽ നിന്നും.

708. ബാരിസ്റ്റർ കെ. യു. ലൂക്കിന്. കെ. ഇ. ജേക്കബ് എന്ന കുട്ടിക്കാവശ്യപ്പെട്ട സഹായം ചെയ്തുകൊടുക്കണമെന്നു. 1920-നു. 1095 ഇടവം 30-നു നിരണത്തു പള്ളി.

1095 ഇടവം 30-നു ശനിയാഴ്ച രണ്ടു മണിക്കു നിരണത്തു പള്ളിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു ഇടയ്ക്കു ഇലഞ്ഞിക്കൽ പള്ളിയിൽ കയറി ലുത്തിനിയായും കഴിഞ്ഞു കാപ്പിമേശാനന്തരം വള്ളം കയറി സന്ധ്യയ്ക്കു മുമ്പു വീയപുരത്തു പള്ളിയിൽ എത്തി.

709. കൊച്ചുമെത്രാച്ചനു. മട്ടയ്ക്കൽ അയ്പിനെ സംബന്ധിച്ചു. 1095 ഇടവം 31-നു വീയപുരത്തു പള്ളിയിൽ നിന്നും.

710. കൊച്ചുമാമ്മച്ചനു. ടിയാനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

711. മട്ടയ്ക്കൽ മല്പാന്. വർത്തമാനങ്ങളെക്കുറിച്ച്. 1095 മിഥുനം 2-നു വീയപുരം പള്ളി.

712. പുരയ്ക്കൽ കൊച്ചൂഞ്ഞിനു. പരുമല സിമ്മനാരിയിൽ വരണമെന്നും മറ്റും. 1095 മിഥുനം 3-നു. വീയപുരം പള്ളി.

713. മേല്പാടം പള്ളിക്കു. 7-നു ഞായറാഴ്ച അവിടെ എത്തുന്നതാണെന്നു. ടി തീയതി. ടി. സ്ഥലം.

1095 മിഥുനം 3-നു ഉച്ചകഴിഞ്ഞു വീയപുരത്തു പള്ളിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു കടപ്ര സ്കൂളിൽ എത്തി സ്കൂൾ സന്ദർശിച്ചു. രാത്രി അവിടെ താമസിച്ചു. 1095 മിഥുനം 4-നു കാപ്പികുടി കഴിഞ്ഞ് സ്കൂളിൽ നിന്നു പുറപ്പെട്ടു 11 മണിയോടു കൂടി പരുമല സിമ്മനാരിയിൽ എത്തി.

714. സിമ്മനാരി മല്പാന്മാർക്ക്. ശെമ്മാച്ചന്മാരെ ശിക്ഷിക്കുന്ന മാതൃകയെ സംബന്ധിച്ചും മറ്റു വർത്തമാനങ്ങളെ സംബന്ധിച്ചും മറ്റും. 1095 മിഥുനം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

715. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ച്. 1095 മിഥുനം 7-നു. പരുമല സിമ്മനാരി.

716. മാറാച്ചേരിൽ മൂപ്പച്ചന്. നെടുങ്കുഴിയുടെ കുട്ടിയെ ഇവിടെ കൊണ്ടുവരുന്നപക്ഷം പുതിയ റൂൾ അനുസരിച്ച് പട്ടം കൊടുക്കുന്നതാണെന്നും അവിടുത്തെ ക്രിമിനൽകേസു തീരുമാനിച്ചാൽ ഉടൻ വിവരം അറിയിക്കണമെന്നും മറ്റും. 1095-മാണ്ട് മിഥുന മാസം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

717. കിണറ്റുകര ഇസഹാക്കു കത്തനാർക്കു. അവിടുത്തെ സമരിക്കേസിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി. സ്ഥലം.

718. പാറേട്ട് മാത്യൂസ് ശെമ്മാച്ചന്. അവിടുത്തെ പള്ളിക്കാര്യം സമാധാനമായിട്ടു തീർന്നു എങ്കിൽ നന്നായിരുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

719. മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനു. അന്യസ്കൂളിൽ പഠിക്കുന്നവർക്കും ... ക്കു പഠിക്കുന്നവർക്കും ഇനി സിമ്മനാരിയിൽ നിന്ന് ചിലവിന് കൊടുക്കണമെന്നില്ലെന്നും മറ്റും. 1920-നു കൊല്ലം 1095-മാണ്ട് മിഥുന മാസം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

720. പി. ഐ. മാണി മാസ്റ്റർക്ക്. എം.ഡി. സ്കൂളിലെ വാദ്ധ്യാന്മാർക്കു ശമ്പളം കൊടുക്കുന്നതിനെ സംബന്ധിച്ച്. ടി തീയതി. ടി. സ്ഥലം.

(തുടരും)

പുസ്തകം

ചരിത്രത്താളുകളിലെ വിസ്മയം

ഡോ. പോൾ മണലിൽ

'പറപ്പള്ളിത്താഴെ യാക്കോബ് കത്തനാരുടെ ദിനവൃത്താന്ത കുറിപ്പുകൾ' ചരിത്രത്തിന്റെ താളുകളിലെ ഒരു വിസ്മയമായി എനിക്ക് അനുഭവപ്പെടുന്നു. ഇതിന്റെ കർത്താവായ ഫാ. പി. എം. ജേക്കബ് 1906-ൽ ജനിച്ച് 1974-ൽ അന്തരിച്ചെങ്കിലും ഈ ദിനവൃത്താന്തക്കുറിപ്പുകളിലൂടെ ഇനിയും അദ്ദേഹം നൂറ്റാണ്ടുകൾ ജീവിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ഈ ദിനവൃത്താന്തക്കുറിപ്പുകളുടെ കാലം പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ മുതൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ വരെയുള്ളതാണ്. ഫാ. പി. എം. ജേക്കബ് 1927-ൽ ശെമ്മാശപട്ടം ഏറ്റ കാലം മുതലാണ് ഈ കൃതിയിലെ ദിനവൃത്താന്തക്കുറിപ്പുകൾ എഴുതിത്തുടങ്ങിയിരിക്കുന്നത്. 1974-ൽ കങ്ങഴ ആശുപത്രിയിൽ അഡ്മിറ്റ് ആകുന്നതു വരെയുള്ള കുറിപ്പുകൾ അദ്ദേഹം മുടങ്ങാതെ എഴുതി. മരിക്കുന്നതിനു ഏതാനും ദിവസം മുമ്പു വരെയും ദിനവൃത്താന്തക്കുറിപ്പ് എഴുതി. അതിനാൽ ഈ കൃതിയിലെ ചരിത്രകാലം 1927 മുതൽ 1974 വരെയുള്ളതാണ്. അതായതു, കേരളചരിത്രത്തിലെ അല്ലെങ്കിൽ സഭാചരിത്രത്തിലെ ഏതാണ്ട് അര നൂറ്റാണ്ടിന്റെ ചരിത്രമാണ് ഈ പുസ്തകത്തിൽ ഇതൾ വിരിയുന്നത്. ഇതൊരു ചരിത്ര വിസ്മയം തന്നെയാണെന്നു പറയുന്നതു അതുകൊണ്ടാണ്.

കേരള ചരിത്രത്തിൽ, അല്ലെങ്കിൽ സഭാചരിത്രത്തിൽ ദിനവൃത്താന്തക്കുറിപ്പുകളുടെ പ്രസക്തിയെന്താണ്? ഒറ്റ വാക്കിൽ പറഞ്ഞാൽ അതു വായനക്കാർക്കു മനസ്സിലാകും - 'സത്യം.' ചരിത്രത്തിൽ സത്യത്തിനു പ്രസക്തിയുണ്ടെങ്കിൽ അതാണ് ദിനവൃത്താന്തക്കുറിപ്പുകളുടെ പ്രസക്തി. ആത്മകഥയിലും ജീവചരിത്രത്തിലും ഒരുപക്ഷെ നമുക്കു കാണാൻ കഴിയാത്ത ഒരു കാര്യമാണത്. ദിനവൃത്താന്തക്കുറിപ്പ് എഴുതുന്നതു ഒരു രചനാരീതിയല്ല, ഒരു ജീവിതരീതിയാണ്. ഒന്നും മറച്ചുവയ്ക്കാനില്ല. എന്താണ് സംഭവിച്ചത്, അല്ലെങ്കിൽ എന്താണ് അറിഞ്ഞത്, ചെയ്തത് - അതാണ് ദിനവൃത്താന്തക്കുറിപ്പായി പരിണമിക്കുന്നത്. ഇതിൽ ഒന്നും അസത്യമല്ല. അർദ്ധസത്യങ്ങളും ഇല്ല. സത്യം മാത്രമേ ഉള്ളു. സത്യം പറയുന്നതാണ് ചരിത്രം. ഇന്നത്തെ സത്യം നാളത്തെ ചരിത്രമാണ്. അതുപോലെ ഇന്നത്തെ അർദ്ധസത്യവും നാളത്തെ ചരിത്രം തന്നെ!

ദിനവൃത്താന്തക്കുറിപ്പുകൾ ഫാ. പി. എം. ജേക്കബിന്റെ ഒരു ജീവിതശൈലിയായിരുന്നു. ഇതിലൂടെ മഹത്തായ ഒരു കർമ്മമാണ് അദ്ദേഹം നിർവഹിച്ചത്. അതിനാൽ ഫാ. ജേക്കബിന്റെ ഈ ദിനവൃത്താന്തക്കുറിപ്പുകളെ മഹത്തായ ഒരു ചരിത്രസാക്ഷ്യമെന്നു വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ലൂക്കോസ് എഴുതിയ സുവിശേഷം ആരംഭിക്കുമ്പോൾ എഴുതിയിട്ടുള്ള വാകൃത്തിൽ *"നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചുവരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമയ്ക്കുവാൻ പലരും തുനിഞ്ഞിരിക്കുന്നതുകൊണ്ട് നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന്, അതു ക്രമമായി എഴുതുന്നത് നന്നെന്ന് ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു"* എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ലൂക്കോസിന്റെ ഈ ചരിത്രബോധമാണ് പറപ്പള്ളിത്താഴെ യാക്കോബ് കത്തനാരുടെ ദിനവൃത്താന്തക്കുറിപ്പുകൾ വായിക്കുമ്പോൾ എനിക്ക് അനുഭവപ്പെടുന്നത്. വിശുദ്ധ ലൂക്കോസിന്റെ വാകൃത്തിൽ നിന്നു ചില 'താക്കോൽ വാക്കുകൾ' നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ ചരിത്രബോധത്തിലേക്ക് തുറക്കേണ്ട ചില താക്കോലുകൾ ഇതിലുണ്ട്. 'പൂർണ്ണമായി പ്രമാണിച്ചുവരുന്ന കാര്യങ്ങൾ', 'വാർത്തയുടെ നിശ്ചയം', 'ക്രമമായി എഴുതുന്നത്', 'സൂക്ഷ്മമായി പരിശോധിച്ചിട്ട്' എന്നിവ ഞാൻ എടുത്തു പറയുകയാണ്. വിശുദ്ധ ലൂക്കോസ് ചൂണ്ടിക്കാട്ടുന്ന താക്കോൽ ആശയങ്ങൾ. വന്ദ്യ പി. എം. ജേക്കബ് കത്തനാരുടെ ദിനവൃത്താന്തക്കുറിപ്പുകളിലും ദർശിക്കാൻ കഴിയുന്നു.

ഈ താക്കോൽ വാക്കുകളിൽ വീണ്ടും ഒരു നിരീക്ഷണം നടത്തിയാൽ നമ്മുടെ മുമ്പിൽ തെളിഞ്ഞു നിൽക്കുന്ന വാക്കുകൾ പൂർണ്ണത, നിശ്ചയം, ക്രമം, സൂക്ഷ്മത എന്നിവയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു വൈദികവൃത്തിയിലേക്കു സമർപ്പിക്കപ്പെട്ട യാക്കോബ് കത്തനാരുടെ എഴുത്തിന്റെ മൗലികതയും മേല്പറഞ്ഞ പൂർണ്ണതയും നിശ്ചയവും ക്രമവും സൂക്ഷ്മതയുമാണെന്നു എനിക്കു തോന്നുന്നു. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ നാളാഗമം എഴുതിയപ്പോൾ രേഖപ്പെടുത്തിയ വാചകങ്ങൾ ഇത്തരുണത്തിൽ ഞാൻ ഓർത്തുപോകുന്നു. ചാവറയച്ചന്റെ ആ വാക്കുകൾ ഇങ്ങനെ:


"ഈ എഴുതുവാൻ പോകുന്ന സംഗതികൾ ഞാൻ കണ്ണുകൊണ്ടു കണ്ടതായിട്ടും വിശ്വാസമുള്ളവരിൽ നിന്നും കേട്ടതായിട്ടും ഉള്ളതത്രെയാകുന്നു. ഈവണ്ണം ഞാൻ എഴുതുന്നുവെങ്കിലും ഞാൻ അറിയാത്തതായ മറ്റു പല വിവരങ്ങളും ഉണ്ടായിരിക്കും. എങ്കിലും ഞാൻ അറിഞ്ഞിട്ടുള്ളതും എന്റെ ഓർമ്മയിൽ വരുന്നതുമായ സംഗതികൾ മാത്രം ഇവിടെ കുറിക്കുന്നു."

ചാവറയച്ചൻ പറയുന്നതു, താനെഴുതുന്നതു കണ്ണുകൊണ്ട് കണ്ടതും വിശ്വാസമുള്ളവരിൽ നിന്നു കേട്ടതുമായ കാര്യങ്ങളാണെന്നാണ്. അതായതു, അറിഞ്ഞിട്ടുള്ള കാര്യങ്ങളാണ് ചാവറയച്ചൻ എഴുതിയത്.

ചാവറയച്ചന്റെ നാളാഗമങ്ങൾ വളരെ പ്രസിദ്ധമാണ്. 1829 മുതൽ 1870 വരെയുള്ള കാലയളവിലാണ് ചാവറയച്ചൻ നാളാഗമം എഴുതിയിട്ടുള്ളത്. ചാവറയച്ചൻ നാളാഗമം എഴുതുന്നതിനു മുമ്പ് ആറാം മാർത്തോമ്മായുടെ ദിനവൃത്താന്തക്കുറിപ്പുകൾ എഴുതപ്പെട്ടിട്ടുണ്ട്. അതാണ് കേരളചരിത്രത്തിൽ ശ്രദ്ധേയമായ 'നിരണം ഗ്രന്ഥവരി.' കേരള ചരിത്രത്തിലും സഭാചരിത്രത്തിലും 1770 മുതൽ 1830 വരെയുള്ള കാലഘട്ടത്തിലെ സംഭവങ്ങളാണ് മലങ്കര നസ്രാണികളുടെ ഭരണത്തലവനായിരുന്ന മാർത്തോമ്മാ ആറാമന്റെ 'നിരണം ഗ്രന്ഥവരിയിലുള്ളത്. ഇതിൽ 1855 വരെയുള്ള കാലഘട്ടം പശ്ചാത്തലമായി ചർച്ച ചെയ്തു പൂരണം നടത്തിയിട്ടുണ്ട്.

കൊച്ചി ഭദ്രാസനത്തിലെ ആദ്യ മെത്രാനായിരുന്ന കണ്ടനാട് കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ (1826-1886) പേരിൽ അറിയപ്പെടുന്ന 'കണ്ടനാട് ഗ്രന്ഥവരി' ആയാലും അക്കാലത്തെ സഭാചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ചില സൂചനകൾ നൽകുന്നുണ്ട്. പോർട്ടുഗീസുകാരുടെ വരവിനു മുമ്പുള്ള സഭാചരിത്രവും ആറാം മാർത്തോമ്മാ മുതൽ 1880 വരെയുള്ള സഭാചരിത്രവും *കണ്ടനാട് ഗ്രന്ഥവരിയിൽ* നിന്നു നമുക്കു വായിച്ചെടുക്കാം. അതിനാൽ പറപ്പള്ളിത്താഴെ യാക്കോബു കത്തനാരുടെ ഈ ദിനവൃത്താന്തക്കുറിപ്പുകൾ വരുംകാലങ്ങളിൽ ചരിത്ര പഠിതാക്കൾക്കു ഒരു അക്ഷയഖനിയാണെന്നു പറയാതെ വയ്യ.

കേരളചരിത്രത്തെ സ്വരൂപിക്കുന്നതിനു ഇതുപോലെയുള്ള ദിനവൃത്താന്തക്കുറിപ്പുകളും ഗ്രന്ഥവരികളും നാളാഗമങ്ങളും മാത്രമല്ല പ്രധാന പങ്കുവഹിച്ചിരുന്നത്. താളിയോലകൾ, ചട്ടവരിയോലകൾ എന്നിങ്ങനെയുള്ള പ്രാചീന



രേഖകളും ചരിത്രത്തെ സംബന്ധിച്ചുള്ള ആധാരരേഖകളാണ്. ഇത്തരം രേഖകളിൽ നിന്നു ചിലപ്പോൾ നമുക്കു ചില സൂചനകൾ മാത്രമെ ലഭിക്കുന്നുള്ളുവെങ്കിലും അത്തരം സൂചനകളിൽ നിന്നു ചരിത്രപഠിതാക്കൾക്കു ഒരു സൂക്ഷ്മ ചരിത്രം കണ്ടെത്താൻ കഴിയും.

പറപ്പള്ളിത്താഴെ യാക്കോബു കത്തനാരുടെ ദിനവൃത്താന്തക്കുറിപ്പുകൾ *നിരണം ഗ്രന്ഥവരി* പോലെയും ചാവറയച്ചന്റെ നാളാഗമം പോലെയും ശ്രദ്ധേയമാണ്. കേരള ജീവിതത്തിന്റെയും മലങ്കരസഭയുടെയും ചരിത്രത്തിലേക്ക് വലിയ ഉൾക്കാഴ്ച നൽകുന്ന ഈ ദിനവൃത്താന്തക്കുറിപ്പുകൾ സമകാല ജീവിതത്തെ പുരാവൃത്തങ്ങളുമായി ഇണക്കിച്ചേർക്കുന്നു. ഇന്നത്തെ പുതുമയ്ക്ക് പഴമ പ്രദാനം ചെയ്യുന്ന ഈ കൃതി നമ്മുടെ നാടിന്റെയും സമൂഹത്തിന്റെയും സഭയുടെയും വളർച്ചാവികാസത്തിന്റെ ഒരു പാർശ്വവീക്ഷണം അവതരിപ്പിക്കുന്നു.


യാക്കോബു കത്തനാർ ശെമ്മാശ പട്ടം സ്വീകരിച്ച് പാമ്പാടി ദയറായിൽ താമസിച്ചു തുടങ്ങിയ കാലം മുതലാണ് ഈ ദിനവൃത്താന്തക്കുറിപ്പുകൾ എഴുതിത്തുടങ്ങുന്നത്. സഭാപിതാക്കന്മാരുടെ കൂടെയുള്ള അദ്ദേഹത്തിന്റെ ജീവിതവും വൈദിക ശുശ്രൂഷയിലുള്ള പങ്കാളിത്തവും ആത്മീയ പ്രവർത്തനവും മാത്രമല്ല ഈ ദിനവൃത്താന്തക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേരള ചരിത്രത്തിലെ വർണ്ണപ്പകിട്ടാർന്ന സംഭവങ്ങളും ലോകചരിത്രത്തിലെ അവിസ്മരണീയമായ വർത്തമാനങ്ങളും ഇന്ത്യാചരിത്രത്തിലെ നിർണ്ണായകമായ വിശേഷങ്ങളും ഒരു ചരിത്രകാരന്റെ മനസ്സോടെ ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനൊപ്പമാണ് സഭാചരിത്രത്തിലെ നിർണ്ണായകമായ ദൈനംദിന സംഭവവികാസങ്ങൾ യാക്കോബു കത്തനാർ കുറിച്ചുവച്ചിരിക്കുന്നത്. ഇതിലൂടെ യാക്കോബു കത്തനാരുടെ പൗരോഹിത്യ ശുശ്രൂഷയിലെ തിളക്കമാർന്ന ഒരു ചരിത്രവും രൂപപ്പെട്ടു വരുന്നു. വിശ്വാസാചാരങ്ങളിലും പ്രാർത്ഥനകളിലും ആരാധനയിലും മറ്റും യാക്കോബു കത്തനാർ പുലർത്തിയിരുന്ന നിഷ്ഠയും അച്ചടക്കവും ഈ ദിനവൃത്താന്തക്കുറിപ്പുകളിൽ ഉരുത്തിരിയുന്നുണ്ട്.

പാമ്പാടി ദയറായും പാമ്പാടി തിരുമേനിയും ഈ വന്ദ്യ വൈദികന്റെ ജീവിതത്തെ ക്രമപ്പെടുത്തിയെന്നു കുറിപ്പുകൾ സൂചന നൽകുന്നു. പാമ്പാടി തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ചിട്ടുള്ള യാക്കോബു കത്തനാർ അക്കാലത്തു പാമ്പാടി ദയറായിലും പാമ്പാടി തിരുമേനിയുടെ ജീവിതത്തിലും നടന്ന സൂക്ഷ്മ സംഭവങ്ങൾ പോലും ഒപ്പിയെടുത്ത് അവതരിപ്പിച്ചിരിക്കുന്നു. അതിനൊപ്പം തന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ആത്മികമായ വളർച്ചാവികാസവും യാക്കോബു കത്തനാർ കുറിച്ചുവയ്ക്കുന്നു. പറയാനുള്ള കാര്യങ്ങൾ ചെറിയ വാചകത്തിൽ എഴുതാനും ആശയങ്ങൾ സമഗ്രമായി അവതരിപ്പിക്കാനും സഭാചരിത്രത്തെ ദേശത്തിന്റെയും രാജ്യത്തിന്റെയും ചരിത്രഗതിയോടൊപ്പം അവതരിപ്പിക്കാനും യാക്കോബു കത്തനാർക്കു കഴിയുന്നു. യാക്കോബു കത്തനാരുടെ ഈ ചരിത്രബോധം ആദ്യന്തം ഈ ദിനവൃത്താന്തക്കുറിപ്പുകളിലുണ്ട്.

യാക്കോബ് കത്തനാർ ദിനവൃത്താന്തക്കുറിപ്പുകൾ എഴുതിയതുപോലെ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും ഡയറിക്കുറിപ്പുകൾ എഴുതിയിട്ടുണ്ട്. എന്നാൽ ഇരുവരും വിഭിന്നമായ രചനാശൈലിയാണ് പ്രയോഗിച്ചിട്ടുള്ളത്. വട്ടശ്ശേരിൽ തിരുമേനിയുടെ കുറിപ്പുകളിൽ ദൈനംദിന ഇടപാടുകളുടെ ഒപ്പം അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ വ്യക്തിയെയും സൂക്ഷ്മമായി നിരീക്ഷണം ചെയ്തുകൊണ്ടുള്ള രചനാരീതിയാണ് വട്ടശ്ശേരിൽ തിരുമേനി നടത്തുന്നതെങ്കിൽ ഓരോ സംഭവങ്ങളും സൂക്ഷ്മമായി രേഖപ്പെടുത്തുന്ന രീതിയാണ് യാക്കോബ് കത്തനാർക്കുള്ളത്.

വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതകാലത്തിലെ ഒരു ഘട്ടം മനസ്സിലാക്കാനും യാക്കോബ് കത്തനാരുടെ ദിനവൃത്താന്തക്കുറിപ്പുകൾ സഹായിക്കുന്നുണ്ട്. 1928 ജൂലൈ രണ്ടിനു യാക്കോബ് കത്തനാർ ഇങ്ങനെ എഴുതി: "വട്ടിപ്പണക്കേസ് വിധി. പൂർണ്ണമായ വിജയം." തുടർന്നു വട്ടിപ്പണക്കേസിന്റെ ഇൻജക്ഷൻ കേസ്, വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് എന്നിങ്ങനെയുള്ള കാലങ്ങൾ രേഖപ്പെടുത്തുന്നു.

പിതാക്കന്മാരുടെ ദേഹവിയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയുള്ള ഒരു ദിനവൃത്താന്തക്കുറിപ്പ് കൂടിയാണിത്: "ബാവാ കാലം ചെയ്തു" എന്ന വാചകത്തോടെയാണ് 1928 ഡിസംബർ 17-നു യാക്കോബ് കത്തനാർ ദിനവൃത്താന്തക്കുറിപ്പ് എഴുതിയിരിക്കുന്നത്. തുടർന്നു വള്ളിക്കാട്ട് നടത്തിയ കബറടക്കത്തെപ്പറ്റിയും പിറ്റേദിവസത്തെ കുറിപ്പിലുണ്ട്. പഴയസെമിനാരിയിൽ നിന്ന് 'വൈദികൻ' എന്ന പേരിൽ ഒരു പത്രം ചെറിയമഠത്തിൽ സ്കറിയാ മല്പാൻ തുടങ്ങിയ വിവരം 1929 ഡിസംബർ ഒന്നിനു എഴുതിയ കുറിപ്പിലുണ്ട്. ബ്രഹ്മവാർ മിഷനിലെ ജറോം ലൂയീസ് സ്കൂൾ ഫൈനൽ പാസ്സായ വിവ



പറപ്പള്ളിത്താഴത്ത് പി. എം. ജേക്കബ് കത്തനാർ (1906–1974)

കാനം പറപ്പള്ളിത്താഴെ മാത്തു മാത്തു - മറിയാമ്മ മാത്തു ദമ്പതികളുടെ പുത്രനായി 1906 ഏപ്രിൽ 24-ന് ജനിച്ചു. ഏഴ് സഹോദരന്മാരും മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു.

കോട്ടയം എം.റ്റി. ഹൈസ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി. കാനം പള്ളി ഇടവകപൊതുയോഗം വൈദികസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തതിനെ തുടർന്ന് ഇടവക മെത്രാപ്പോലീത്താ (പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ - വള്ളിക്കാട്ട് ബാവ) വൈദിക പഠനത്തിനായി പഴയസെമിനാരിയിലേയ്ക്ക് അയച്ചു.

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവ 1927 ജൂലൈ 13-ന് വാകത്താനം വള്ളിക്കാട്ട് ദയറായിൽ വച്ച് കോറൂയോ പട്ടം നൽകി. വൈദിക പഠനം പൂർത്തിയാക്കി, ആ കാലയളവിൽ വാഴിക്കപ്പെട്ട കോട്ടയം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ പേഴമറ്റത്ത് കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ (പ. പാമ്പാടി തിരുമേനി) സെക്രട്ടറിയായി പ്രവർത്തിച്ചു.

പ. പാമ്പാടി തിരുമേനി 1932 മാർച്ച് 28-ന് പൊത്തൻപുറം ദയറായിൽ വച്ച് യൗപദിയക്ക്നോ പട്ടവും, അതേ വർഷം ഡിസംബർ 5-ന് മ്ശംശോനോ പട്ടവും, ഡിസംബർ 25-ന് പാമ്പാടി ദയറായിൽ വച്ച് കാനം പള്ളിക്കുവേണ്ടി കശ്ശീശാ പട്ടവും നൽകി.

കാനം പള്ളിയിലെ ആദ്യ ഇടവക പട്ടക്കാരനായ അച്ചനെ 1933-ൽ പള്ളി വികാരിയായി ഇടവക മെത്രാപ്പോലിത്താ പ. പാമ്പാടി തിരുമേനി നിയമിച്ചു. കഠിനമായ പ്രയാസങ്ങളുടെ മധ്യത്തിലും ദൈവകൃപയിൽ ആശ്രയിച്ച് 1933 മുതൽ 1971 വരെ ആ ചുമതല സ്തുത്യർഹമാംവിധം നിർവ്വഹിച്ചു. പഴയ പള്ളിയുടെ നിർമ്മാണം ഈ കാലത്താണ് നടന്നത്.

പ. പാമ്പാടി തിരുമേനി അദ്ദേഹത്തിന്റെ ഡയറിയിൽ ശിഷ്യനായ അച്ചനെ കാനം അച്ചൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരിശുദ്ധ പിതാവ് ഏറെ വാത്സല്യത്തോടും കരുതലോടും കൂടെ അച്ചനേയും ഇടവകയേയും കണ്ടിരുന്നു.

വട്ടക്കുന്നേൽ ഞള്ളനാട്ട് മാത്യുവിന്റെ മകൾ മറിയാമ്മ ജേക്കബ് ആയിരുന്നു അച്ചന്റെ സഹധർമ്മിണി. ഇവർക്ക് ഏഴ് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്.

അനാരോഗ്യത്തെ തുടർന്ന് 1971-ൽ അച്ചൻ ഇടവക ചുമതലയിൽ നിന്ന് വിരമിച്ചു. 1974 ജൂലൈ 20-ന് അറുപത്തിഎട്ടാമത്തെ വയസ്സിൽ അന്തരിച്ചു. കോട്ടയം മെത്രാസനത്തിന്റെ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കാനം പള്ളിയുടെ തെക്ക് ഭാഗത്തായി കബറടക്കി.

രവും അദ്ദേഹത്തെ സെമിനാരിയിൽ താമസിപ്പിക്കാൻ തീരുമാനിച്ച കാര്യവും രേഖപ്പെടുത്തുന്നതിലൂടെ അൽവാറീസ് തിരുമേനിയുടെ മിഷനോടുള്ള സഭയുടെ കരുതൽ വ്യക്തമാകുന്നു. സമുദായ ഭരണഘടന തയ്യാറാക്കുന്നതു സംബന്ധിച്ചുള്ള ചർച്ചകളെപ്പറ്റിയും അതിനു നേതൃത്വം നൽകിയവരെപ്പറ്റിയും ഉള്ള വിവരണങ്ങൾ വിശദമായി എഴുതിയിട്ടുണ്ട്. തിരുവിതാംകൂറിലെ ആദ്യ വനിതാ വക്കീലായ അന്നാ ചാണ്ടി കോട്ടയം ജില്ലാ കോടതിയിൽ അഭിഭാഷകയായി ചേർന്ന കാര്യവും യാക്കോബ് കത്തനാർ 'ബറബാസ്' എന്ന നോവൽ വായിച്ചു തീർത്ത കാര്യവും കൗതുകത്തോടെ വായിക്കാം.

സ്വാതന്ത്ര്യസമരത്തിന്റെ അലകളും ഈ പുസ്കത്തിലുണ്ട്. രാഷ്ട്രീയ തടവുകാരനായിരുന്ന ജതീന്ദ്രനാഥ് ദാസ് ലാഹോർ ജയിലിൽ നിരാഹാരസമരം നടത്തി മരിച്ചപ്പോൾ കോട്ടയം തിരുനക്കര മൈതാനിയിൽ അനുശോചന സമ്മേളനം നടത്തിയ വിവരം 1929 സെപ്തംബർ 28-ലെ കുറിപ്പിലുണ്ട്. 1930 ജനുവരി ഒന്നിനു കോൺഗ്രസ് സമ്മേളനം സ്വാതന്ത്ര്യപ്രഖ്യാപനം നടത്തിയതും "സ്വാതന്ത്ര്യ കൊടി" ഉയർത്തിയതും എഴുതിയിട്ടുണ്ട്. ഗാന്ധിജിയെ അറസ്റ്റ് ചെയ്ത കാര്യവും അതിന്റെ പേരിൽ തിരുവിതാംകൂറിൽ ഹർത്താൽ നടത്തിയ കാര്യവും രേഖപ്പെടുത്തുന്നു. 1947 ഓഗസ്റ്റ് 15-നു എഴുതിയ കുറിപ്പിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "കഴിഞ്ഞ രാത്രി 12 മണിക്ക് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യാക്കാർക്കു സ്വാതന്ത്ര്യം കൊടുത്തു. അതിന്റെ സന്തോഷം ഇന്ത്യ ഒട്ടുക്ക് ആഘോഷിക്കപ്പെടുന്നു. ഇന്നലെ കവലയിൽ വെച്ച് അക്കമ്മ ചെറിയാന്റെ അദ്ധ്യക്ഷതയിൽ രാഷ്ട്രീയ മീറ്റിങ്ങും കുട്ടികൾക്കു പായസവും കൊടുത്തു."

'പ്രസവ സ്തോത്ര ശുശ്രൂഷ' എന്നൊരു ചടങ്ങിനെപ്പറ്റി ഞാനാദ്യമായി കേൾക്കുന്നതു യാക്കോബ് കത്തനാരുടെ ഇതിലെ കുറിപ്പിൽ നിന്നാണ്. ബഥനി മാർ ഈവാനിയോസിന്റെ റീത്ത് പ്രവേശനം, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന കുറുപ്പുംപടി യോഗം, ഓമല്ലൂരിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ദേഹവിയോഗം എന്നിങ്ങനെയുള്ള സഭാവാർത്തകൾ പറയുന്നതിനു ഇടയിൽ 1932 ഏപ്രിൽ 13-നു യാക്കോബ് കത്തനാർ ആലപ്പുഴയിലെ പൂപ്പള്ളിക്കാരുടെ തീയേറ്ററിൽ വച്ച് "സംസാരിക്കുന്ന സിനിമ" കണ്ട കാര്യവും രേഖപ്പെടുത്തിയിരിക്കുന്നു. തിരുവിതാംകൂറിലെ ഒരു രാജാവ് ആദ്യമായി സമുദ്രം കടന്ന സംഭവം 1933 ഓഗസ്റ്റ് 31-നു കുറിച്ചിട്ടുണ്ട്. ചിത്തിര തിരുനാൾ ഇംഗ്ലണ്ടിൽ പോയ കാര്യമാണിത്. വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യം, പാമ്പാടി തിരുമേനിയുടെ കുന്നംകുളം പ്ലേഗ് യാത്ര, ജോർജ് അഞ്ചാമൻ ചക്രവർത്തിയുടെ അന്ത്യം, എഡ്വേർഡ് എട്ടാമന്റെ സ്ഥാനാരോഹണം, ജോർജ് ആറാമന്റെ സ്ഥാനാരോഹണം എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്ന അതേ ഗൗരവത്തോടെയാണ് "ഇന്നു കവലയിൽ പുതുതായി ചന്ത തുറന്നു. ഞാനും പോയിരുന്നു. ചങ്ങനാശ്ശേരി തഹസീൽദാരായ ഒരു വാര്യരാകുന്നു ചന്ത തുറന്നത്" എന്ന നാട്ടുവിശേഷവും കുറിച്ചിരിക്കുന്നത്.

ഗാന്ധിജിയുടെ കേരള സന്ദർശനത്തെപ്പറ്റിയും സി. കേശവന്റെ ആലപ്പുഴ പ്രസംഗത്തെപ്പറ്റിയും മാർത്തോമ്മാ സഭയിലെ മെത്രാൻ വാഴിപ്പിനെപ്പറ്റിയും പരാമർശനങ്ങൾ ഇതിലുണ്ട്. 'മരണചിട്ടി' എന്നൊരു പ്രയോഗം മലയാളഭാഷയിൽ ഉണ്ടായിരുന്നുവെന്നു ഇതിൽ നിന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 1937 ഒക്ടോബർ 19-നു യാക്കോബ് കത്തനാർ 'ഗാർഡിയൻ ഓഫ് ഇന്ത്യ' എന്ന ലൈഫ് ഇൻഷ്വറൻസിൽ ചേർന്നതിനെ മുൻനിർത്തിയാണ് 'മരണചിട്ടി' എന്ന പ്രയോഗം.

തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രക്ഷോഭവും എ. നാരായണ പിള്ളയുടെ അറസ്റ്റും ആ കേസ് വാദിക്കാൻ വന്ന കെ. എഫ്. നരിമാനെ ദിവാൻ സി. പി. രാമസ്വാമി അയ്യർ തടഞ്ഞതും രേഖപ്പെടുത്തിയ യാക്കോബ് കത്തനാർ 1938 ജൂൺ 26-നു എഴുതിയ കുറിപ്പിൽ ദിവാൻ സി. പി. യെപ്പറ്റി ഇങ്ങനെ പറയുന്നു: "സകലരും പൊറുതിമുട്ടിയിരിക്കുന്നു. നാഷണൽ ക്വയിലോൺ ബാങ്ക് തകർത്തു. ക്രിസ്ത്യാനികളെയും എസ്.എൻ.ഡി.പി. യോഗത്തെയും തകർത്തു. ഈഴവരെയും നശിപ്പിച്ചിരിക്കുന്നു."

1938-ൽ കെ. സി. മാമ്മൻ മാപ്പിളയെയും സി. പി. മാത്തനെയും ദിവാൻ സി. പി. അറസ്റ്റ് ചെയ്യിപ്പിച്ച കാര്യം പറയുന്ന ഗൗരവത്തോടെ 1939-ൽ സ്പെയിനിലെ യുദ്ധത്തെപ്പറ്റിയും എഴുതിയിരിക്കുന്നു. കോട്ടയത്തു തിരുനക്കര മൈതാനിയിൽ 1939 ഡിസംബർ 28-നു കത്തോലിക്കാ സഭ നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസ് കാണാൻ പോയതും 1940-ൽ തന്റെ വീടിനു 'പുത്തൻ ബംഗ്ലാവ്' എന്നു പേരിട്ടതും നാൾവഴിയുടെ ഭാഗമാണ്. ആലുവായിലെ വട്ടമേശസമ്മേളനം, എം.ഡി. സെമിനാരിയിലെ വൈദിക വിദ്യാഭ്യാസം, ഔഗേൻ മാർ തീമോത്തിയോസിന്റെ ഒപ്പം 65 പള്ളിക്കാർ കാതോലിക്കാ ബാവായെ സ്വീകരിച്ച കാര്യം, പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ച കാര്യം, മനോരമയുടെ പുനഃപ്രസിദ്ധീകരണം, ഗാന്ധിജിയുടെ മരണം എന്നിങ്ങനെയുള്ള കാര്യങ്ങൾ എഴുതുന്നതിനിടയിൽ വീട്ടാവശ്യത്തിനു പൊന്നരഞ്ഞാണം പണയം വച്ച് 27 രൂപ കടം വാങ്ങിച്ച കാര്യവും വീട്ടിലെ 100 തേങ്ങ പത്തേകാൽ രൂപയ്ക്കു വിറ്റ കാര്യവും രണ്ടു ചാക്ക് സിമന്റിനു 6 രൂപ 14 അണ അടച്ച് പെർമിറ്റ് വാങ്ങിയ കാര്യവും യാക്കോബ് കത്തനാർ കുറിച്ചുവച്ചിരിക്കുന്നു.

കേരള രാഷ്ട്രീയ ചരിത്രവും ഈ ദിനവൃത്താന്തക്കുറിപ്പുകളുടെ ഭാഗമാണ്. പട്ടം താണുപിള്ളയുടെ മന്ത്രിസഭ പിണങ്ങിപ്പിരിഞ്ഞതും, ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭ സ്ഥാനമേറ്റതും എ. ജെ. ജോൺ മുഖ്യമന്ത്രിയായതും തിരുവിതാംകൂറും കൊച്ചിയും ഒരു യൂണിയനായതും തുടർന്നുള്ള രാഷ്ട്രീയ ചലനങ്ങളും ഈ പുസ്തകത്തിന്റെ ഭാഗമാണ്. 'സഭാസേവകൻ' എന്ന പ്രസിദ്ധീകരണത്തെപ്പറ്റി യാക്കോബ് കത്തനാരുടെ കുറിപ്പിൽ നിന്നാണ് അറിയുന്നത്.

ജവഹർലാൽ നെഹ്റു 1951-ൽ കോട്ടയത്തു വന്നതും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പോയതും ഇതിൽ കുറിക്കുന്നു. 1951-ൽ സമുദായക്കേസ് തള്ളിയതിനെ തുടർന്നുള്ള "രണ്ടാമത്തെ കൂനൻകുരിശ് സത്യ"വും 1952-ൽ ശബരിമലയിലുണ്ടായ തീപിടുത്തവും യാക്കോബ് കത്തനാരുടെ ദിനവൃത്താന്തക്കുറിപ്പിന്റെ ഭാഗമാണ്. കോട്ടയത്തു അഖിലലോക യുവജനസമ്മേളനം അരങ്ങേറിയ വിവരവും 1953-ൽ അഞ്ചു മെത്രാന്മാരെ വാഴിച്ചതും 1954-ൽ കെ. സി. മാമ്മൻ മാപ്പിള അന്തരിച്ചതും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ദേവലോകം അരമന ചാപ്പലിന്റെ കൂദാശയിൽ പങ്കെടുത്തതും പീസ് ലീഗിന്റെ സത്യഗ്രഹം കാണാൻ പോയതും 1956-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയെ കോട്ടയത്തു വെച്ചു കണ്ടതും രേഖപ്പെടുത്തിയിട്ടുള്ള യാക്കോബ് കത്തനാർ ടി. വി. തോമസും കെ. ആർ. ഗൗരിയും 1957-ൽ കല്യാണം കഴിച്ച വാർത്തയും അണാ പൈസക്കു പകരം നയാ പൈസാ നടപ്പിൽ വന്ന കാര്യവും കേരളത്തിന്റെ ഒന്നാമത്തെ ഗവർണറായി രാമകൃഷ്ണ റാവു സ്ഥാനമേറ്റതും 1959-ൽ വിമോചന സമരത്തിൽ 16 പേർ മരിച്ചതും മറ്റും ഒരു ചരിത്രകാരന്റെ മനസ്സോടെ എഴുതിവച്ചിരിക്കുന്നു.

സമുദായക്കേസിന്റെ പല ഘട്ടങ്ങൾ ഈ പുസ്തകത്തിൽ പലേടത്തും പരാമർശിക്കുന്നുണ്ട്. സി.എസ്.ഐ. സഭയുടെ കാര്യവും മാർത്തോമ്മാ സഭയുടെ കാര്യവും മാത്രമല്ല 1961-ൽ ഇവാഞ്ചലിക്കൽ ചർച്ച് രൂപീകരിച്ച കാര്യവും യാക്കോബ് കത്തനാർ എഴുതി. സമകാല സംഭവങ്ങൾക്കു ഈ പുസ്തകത്തിൽ യാക്കോബ് കത്തനാർ വലിയ പ്രാധാന്യം നൽകിയെന്നതിനു മറ്റൊരു ഉദാഹരണമാണ് എ. കെ. ഗോപാലൻ 1961-ൽ അമരാവതിയിൽ നടത്തിയ സത്യഗ്രഹം, മെട്രിക്ക് തൂക്കവും അളവുകളും രാജ്യത്തു നടപ്പാക്കിയ കാര്യം, 1962-ലെ ചൈനാ ആക്രമണം, 1967-ലെ ഇ. എം. എസ്. മന്ത്രിസഭ, 1972-ലെ വിദ്യാഭ്യാസ നയവിരുദ്ധ സമരം തുടങ്ങിയ സംഭവങ്ങളുടെ വിവരണങ്ങൾ.

ദിനവൃത്താന്തക്കുറിപ്പുകളിലെ മുഖ്യമായ വിഷയങ്ങൾ ഓർത്തഡോക്സ് സഭയിലെ യാക്കോബ് കത്തനാരുടെ ദൈനംദിന ഇടപെടലുകളും ധന്യമായ സേവനങ്ങളും സംബന്ധിച്ചുള്ളതാണ്. യാക്കോബ് കത്തനാരുടെ വിശ്വാസ ധീരതയും ഭക്തിയും ആരാധനാനിഷ്ഠകളും ഇതിൽ ആദ്യന്തം തെളിഞ്ഞു കാണാം. യാക്കോബ് കത്തനാർക്കു സഭയല്ലാതെ മറ്റൊരു ചിന്ത ഉണ്ടായിരുന്നില്ലെന്ന് ഓരോ ദിവസത്തെയും നാൾവഴികൾ നിരീക്ഷിച്ചാൽ ബോധ്യപ്പെടും. സഭയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും കൂറും ഓരോ താളിലും നിറഞ്ഞുനിൽക്കുന്നു. പാമ്പാടി തിരുമേനി മുതൽ എത്രയോ സഭാപിതാക്കന്മാരുടെ സ്നേഹവാത്സല്യം യാക്കോബ് കത്തനാർക്കു ലഭിച്ചിരിക്കുന്നു. സഭയിലെ സമാധാനവും പിളർപ്പും കണ്ടിട്ടുള്ള യാക്കോബ് കത്തനാർ 1974-ൽ അന്തരിക്കുന്നതിനു മുമ്പ് ആ വർഷത്തെ കാതോലിക്കാദിന മഹാസമ്മേളനത്തിൽ പങ്കെടുത്ത കാര്യവും കുറിച്ചുവച്ചിട്ടുണ്ട്. വിശുദ്ധ കുർബ്ബാന കേട്ടുകൊണ്ട് കിടന്നാണ് യാക്കോബ് കത്തനാർ അന്തരിച്ചതെന്നു കേൾക്കുമ്പോൾ അതൊരു മഹദ്ചരമമാണെന്ന് എനിക്കു അനുഭവപ്പെടുന്നു.

ഈ ദിനവൃത്താന്തക്കുറിപ്പുകൾ കാലത്തിന്റെ ചരിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്. ഒരു വൈദികൻ തന്റെ സഭയെയും തന്റെ രാജ്യത്തെയും മാത്രമല്ല ഇവിടുത്തെ മനുഷ്യരെയും എങ്ങനെയാണ് വീക്ഷിച്ചതെന്ന് വ്യക്തമാക്കുന്ന ഒരു രേഖയാണ് ഈ കുറിപ്പുകൾ. ദീപ്തിയും കാന്തിയും നിറഞ്ഞ ഒരു അക്ഷയഖനിയാണിത്. അടിയുറച്ച ദൈവവിശ്വാസം കൊണ്ട് കാലഘട്ടത്തെ തേജോമയമാക്കിയ യാക്കോബ് കത്തനാർ സഭയ്ക്കു വേണ്ടി സ്വയം ഇല്ലാതായി ജീവിതസാഫല്യം കണ്ടെത്തിയ വൈദികനാണെന്നു ഇതിലെ വരികൾ സാക്ഷിക്കുന്നു. ഒരു ദൈവിക മനുഷ്യന്റെ മനോഹരമായ ജീവിതസ്പന്ദനങ്ങൾ ഈ കൃതിയിൽ നിറഞ്ഞുനിൽക്കുന്നു. ഇതു വിശ്വസനീയമായ ഒരു ചരിത്രരേഖയാണ്. ഉള്ളടക്കത്തിന്റെ വിശ്വസനീയതയും പ്രാമാണികതയും ചരിത്രത്തിൽ ഇതിനു ഏറെ സ്വീകാര്യത ഉണ്ടാക്കുമെന്നും ഞാൻ കരുതുന്നു. ❑


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



20

നീതിക്കു വേണ്ടിയുള്ള ഒരു നിവേദനം

റാന്നി – പെരുനാടു മുണ്ടൻമലയിൽ 1918–ൽ മലങ്കരസഭ ആരംഭിച്ച ബഥനി ആശ്രമത്തിന്റെ അനിഷേധ്യ ചരിത്രവും യഥാർത്ഥ ചിത്രവും മനസ്സിലാക്കുന്നതിന് ബഥനിയുടെ സ്ഥാപക നേതാവായ ഫാ. അലക്സിയോസ് (പിന്നീട് അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ) 20–7–1934 –ൽ പോപ്പിന്റെ ഇന്ത്യാ – ബർമ്മ – സിലോൺ ഡലിഗേറ്റ് അപ്പസ്തോലിക്കിനു സമർപ്പിച്ച നിവേദനം മാത്രം വായിച്ചാൽ മതി (ഇംഗ്ലീഷിലുള്ള നിവേദനത്തിന്റെ തനി തർജ്ജമയാണിത്). ഇതിലെ ഓരോ വാക്കിലും പരമസത്യം തുടിച്ചു നിൽക്കുന്നു.

From,

ഫാദർ അലക്സിയോസ് ഒ. ഐ. സി., സുപ്പീരിയർ,
ബഥനി ആശ്രമം, വടശ്ശേരിക്കര, തിരുവിതാംകൂർ

To,

ഹിസ് എക്സലൻസി ഡലിഗേറ്റ്, അപ്പസ്തോലിക് ഓഫ് ഇന്ത്യ,
ബർമ്മ, സിലോൺ

ബഹുമാന്യനായ അങ്ങ് അറിയുന്നതിന്,

ഈ നിവേദനവുമായി ബഹുമാന്യനായ അങ്ങയെ സമീപിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞാനെടുത്തതിന് എന്നോടു ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു. അങ്ങിൽനിന്നു പൂർണ്ണമായ പരിഹാരം ലഭിക്കുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടെയാണ് ഞാൻ ഈ നിവേദനം സമർപ്പിക്കുന്നത്.

1. തിരുവനന്തപുരം ആർച്ച്ബിഷപ്പായ മാർ ഈവാനിയോസ്, ഞാനുൾപ്പെട്ടു നില്ക്കുന്ന സുറിയാനിസഭയിലെ ഒരംഗമായിരുന്നു എന്ന കാര്യം അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. നാലു വർഷം മുമ്പ് ആ സഭ വിട്ടു റോമൻ കത്തോലിക്കാസഭയിൽ ചേരുന്നതുവരെ, അദ്ദേഹം ആ സഭയിൽ തുടർന്നിരുന്നു താനും.

2. മാർ ഈവാനിയോസ്, ആറാം ഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് അദ്ദേഹത്തിനു ശെമ്മാശുപട്ടം നല്കി. അതിനുശേഷം അദ്ദേഹം എം. എ. ബിരുദം നേടുന്നതുവരെയുള്ള വിദ്യാഭ്യാസ സംബന്ധമായ എല്ലാ ചെലവുകളും സുറിയാനി സഭയാണ് വഹിച്ചത്.

3. അദ്ദേഹം എം. എ. പാസ്സായതിനെ തുടർന്ന് സുറിയാനിസഭയുടെ കേന്ദ്ര ഹൈസ്ക്കൂളായ കോട്ടയം എം. ഡി. സെമിനാരിയുടെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. അന്ന് അദ്ദേഹം ഒരു വൈദികൻ മാത്രമായിരുന്നു. അദ്ദേഹം ആ

സ്ഥാനത്തു മൂന്നു വർഷം തുടർന്നു. ഇക്കാലത്ത് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത ഗീവറുഗീസ് മാർ ദീവന്നാസ്യോസ് കൽക്കട്ടയിൽ പോകുന്നതിനും സെറാമ്പൂർ കോളജ് പ്രിൻസിപ്പലായിരുന്ന ഡോക്ടർ ഹൊവെൽ സിനെ സന്ദർശിക്കുന്നതിനും ഇടയായി. ഡോ. ഹൊവെൽസുമായുള്ള സംഭാഷണവേളയിൽ സുറിയാനി സഭ നേരിടുന്ന സാമ്പത്തിക പ്രയാസങ്ങളെപ്പറ്റിയും പറഞ്ഞു. ഇതു കേട്ടപ്പോൾ അദ്ദേഹത്തിനു സുറിയാനിസഭയോട് സഹാനുഭൂതി തോന്നുകയും മാർ ഈവാനിയോസിനെ (അന്ന് ഫാ. പി. റ്റി. ഗീവറുഗീസ്) പ്രത്യേക പരിഗണന വച്ച് സെറാമ്പൂർ കോളജിൽ പ്രൊഫസറായി നിയമിക്കാമെന്നും ഒരു യൂറോപ്യൻ പ്രൊഫസർക്കുള്ള ശമ്പളം നൽകാമെന്നും പറയുകയും ചെയ്തു. ഈ വാഗ്ദാനപ്രകാരം 1913–ൽ മാർ ഈവാനിയോസ് പ്രൊഫസറായി നിയമിക്കപ്പെട്ടു. അദ്ദേഹം ആ സ്ഥാനത്തു 1918 വരെ തുടരുകയും ചെയ്തു. മാർ ഈവാനിയോസ് സുറിയാനിസഭയുടെ സേവനത്തിനു വേണ്ടി പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട വ്യക്തിയാണെന്നും മാർ ഈവാനിയോസിന്റെ ഉയർന്ന ശമ്പളം സഭയുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കപ്പെടുമെന്നുമുള്ള വിശ്വാസത്തോടും പ്രതീക്ഷയോടുമാണ് ഡോ. ഹൊവെൽസ് അദ്ദേഹത്തെ നിയമിച്ചത്. ഈ വസ്തുത ഇവിടെ പരാമർശിക്കുന്നത്, അദ്ദേഹം സെറാമ്പൂരിൽ പ്രൊഫസറായിരിക്കുമ്പോൾ കുറെ സമ്പാദ്യമുണ്ടാക്കിയെന്നും തുടർന്ന് ഈ പണംകൊണ്ടു സ്ഥലങ്ങളും മറ്റും വാങ്ങിയെന്നും ചിലപ്പോൾ മാർ ഈവാനിയോസ് പറയുന്നതുകൊണ്ടാണ്. ഈ സമ്പാദ്യങ്ങളാണ് ഈ നിവേദനത്തിന്റെ പ്രധാന വിഷയവും.

അദ്ദേഹം പറയുന്നതു ശരിയല്ല. ഒന്നാമതായി, അദ്ദേഹം സെറാമ്പൂരിൽ ആയിരിക്കുമ്പോൾ പറയത്തക്ക യാതൊരു സമ്പാദ്യവും ഉണ്ടാക്കിയിട്ടില്ല. തന്റെ വ്യക്തിപരമായ ചെലവുകൾ കഴിച്ചുള്ള പണം അദ്ദേഹം സെറാമ്പൂരിൽ പഠിക്കാനായി വരുത്തിയ ചില സിറിയൻ വിദ്യാർത്ഥികളുടെ പഠനച്ചെലവിനാണു വിനിയോഗിച്ചത്. അതുകൊണ്ട് മിച്ചമൊന്നും ഉണ്ടായിരുന്നില്ല. രണ്ടാമതായി, ഇനി എന്തെങ്കിലും മിച്ചം ഉണ്ടായിരുന്നു എങ്കിൽതന്നെ അത് സുറിയാനി സഭയ്ക്കുള്ളതാണ്. ആ ധാരണയോടെയാണ് അദ്ദേഹം നിയമിക്കപ്പെട്ടത്.

4. അദ്ദേഹം സെറാമ്പൂരിൽ പ്രൊഫസർ ആയിരിക്കുമ്പോൾ ഈ പാവപ്പെട്ട ഞാനും സുറിയാനി സഭയിലെ മറ്റു ചില വിദ്യാർത്ഥികളും പഠിക്കുന്നതിനുവേണ്ടി സെറാമ്പൂരിൽ എത്തുകയും മാർ ഈവാനിയോസിനോടൊപ്പം ചേരുകയും ചെയ്തു. ഞങ്ങൾ അവിടെയായിരുന്നപ്പോൾ മാർ ഈവാനിയോസിനും ഞങ്ങളിൽ ചിലർക്കും തിരുവിതാംകൂറിൽ സുറിയാനി സഭയ്ക്കുവേണ്ടി ഒരു സന്യാസിസ്ഥാപനം ആരംഭിക്കണമെന്ന ആശയം ഉണ്ടായി. ഈ ചിന്താഗതിയെപ്പറ്റി മാർ ഈവാനിയോസ് സുറിയാനി സഭയിലെ ഒരു പ്രമുഖ വ്യക്തിയായ ഇ. ജെ. ജോൺ ഉൾപ്പെടെ പലരെയും അറിയിച്ചു. ഈ ആശയത്തോട് അനുകൂലിച്ച ഇ. ജെ. ജോൺ ഉടൻ തന്നെ ഇതിനുവേണ്ടി പെരുനാട്ടിൽ നൂറേക്കർ സ്ഥലം സംഭാവനചെയ്യാമെന്നു വാഗ്ദാനം ചെയ്തു. സുറിയാനിസഭയ്ക്കു വേണ്ടി ഒരു സന്യാസസമൂഹം സ്ഥാപിക്കുന്നതിനാണ് ഈ സ്ഥലം നൽകുന്നതെന്നും ദാനആധാരത്തിൽ പ്രത്യേകം എടുത്തുപറയുകയും ചെയ്തിരുന്നു. ഈ നൂറേക്കർ സ്ഥലമാണ് ബഥനി ആശ്രമത്തിന്റെ ആരംഭം. ഈ നൂറേക്കർ പോരെന്നു കരുതി കുറെ സ്ഥലം കൂടി അതിനടുത്തു വാങ്ങണമെന്നും ആഗ്രഹിച്ചു. സമീപത്തായി ഗവൺമെന്റ് വക കുറെ പുറമ്പോക്കു സ്ഥലവും കിടന്നിരുന്നു. 290 ഏക്കർ വരുന്ന ഈ സ്ഥലം തന്റെ പേരിലാക്കിത്തരണമെന്ന് മാർ ഈവാനിയോസ് ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചു. സുറിയാനി സഭയ്ക്കുവേണ്ടി ഒരു ധർമ്മസ്ഥാപനം ഉണ്ടാക്കുന്നതിനാണ് ഈ സ്ഥലമെന്നും അപേക്ഷയിൽ വ്യക്തമായി പ്രസ്താവിച്ചിരുന്നു. ഇ. ജെ. ജോൺ നൂറേക്കർ സ്ഥലം സംഭാവന ചെയ്ത കാര്യവും ഈ അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഇത്രയധികം ഭൂമി സ്വകാര്യവ്യക്തികൾക്ക് പതിച്ചുനൽകാറില്ല. എന്നാൽ ചില പ്രത്യേക പരിതസ്ഥിതിയിൽ ധർമ്മസ്ഥാപനങ്ങൾക്കു വേണ്ടി ഭൂമി രജിസ്റ്റർ ചെയ്തു കൊടുത്തും വന്നിരുന്നു. ഭൂമി രജിസ്റ്റർ ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് ഈ ഭൂമി അപേക്ഷയിൽ പറയുന്നതുപോലെയുള്ള ആവശ്യത്തിനാണോ എന്ന് ഗവൺമെന്റ് ഇ. ജെ. ജോണിനോട് ചോദിക്കുകയുണ്ടായി. സുറിയാനിസഭയ്ക്കു വേണ്ടി ഒരു ധർമ്മസ്ഥാപനം ഉണ്ടാക്കുന്നതിനാണിതെന്നും ഇതിനുവേണ്ടി താൻ തന്നെ നൂറേക്കർ സ്ഥലം സംഭാവന ചെയ്തെന്നും ജോൺ മറുപടി നൽകി. ഈ നിവേദനങ്ങളുടെ പിൻബലത്തിൽ അവസാനം അനുകൂലമായ വ്യവസ്ഥകളിൽ ഭൂമി മാർ ഈവാനിയോസിന്റെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുത്തു. ഈ ഭൂമിയുടെ വിലയായി 2500 രൂപ മാത്രമാണു ഗവൺമെന്റു നിശ്ചയിച്ചത്. ഞങ്ങളുടെ കൈവശം ഉടനെ ഇത്രയും പണം എടുക്കാനില്ലായിരുന്നതിനാൽ പണം കടം വാങ്ങിയാണ് നൽകിയത്. മാർ ഈവാനിയോസ് തന്റെ പിതാവിൽ നിന്ന് ഉടനെ തിരിച്ചുതരാമെന്നു പറഞ്ഞ് രണ്ടായിരത്തി അഞ്ഞൂറോളം രൂപ കടം വാങ്ങി. ഈ ഭൂമിയിൽ വളരെയധികം തടികൾ ഉണ്ടായിരുന്നു. ഈ തടികൾ വെട്ടി വിറ്റതിൽ നിന്നു ലഭിച്ച പണം കൊണ്ടു കടം തിരിച്ചടച്ചു. ഗവൺമെന്റിന് ഈ ഭൂമിയുടെ വില നൽകിയത് തന്റെ പിതാവു തനിക്കു തന്ന പണം കൊണ്ടാണെന്നും തന്നിമിത്തം സുറിയാനിസഭയ്ക്ക് ഈ ഭൂമിയുടെമേൽ ഒരവകാശവുമില്ലെന്നുമാണ് ഇപ്പോൾ മാർ ഈവാനിയോസ് പറയുന്നത്. ഇതു ശരിയല്ല. മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ അദ്ദേഹത്തിന്റെ പിതാവിൽ നിന്നു സ്വീകരിച്ച പണം ഒരു വായ്പ മാത്രമായിരുന്നു. അതു തിരിച്ചു കൊടുക്കുകയും ചെയ്തു. തന്മൂലം മാർ ഈവാനിയോസിന് ഈ ഭൂമിയുടെ മേൽ ഒരു തരത്തിലുള്ള അവകാശവും ഇല്ല. ഈ വായ്പയുടെ പലിശ സുറിയാനിസഭ ശേഖരിച്ച പണത്തിൽ നിന്നാണു നൽകിയതെന്നും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

5. ഈ 290 ഏക്കർ ലഭിച്ചതോടെ ഇ. ജെ. ജോണിന്റെ സംഭാവന ഉൾപ്പെടെ മൊത്തം 390 ഏക്കർ ആയി. ഇങ്ങനെ ഭൂമി ലഭിച്ചു എങ്കിലും കെട്ടിടങ്ങൾ പണിയുന്നതിനും ദേഹണ്ഡങ്ങൾ ചെയ്യുന്നതിനും പണം കണ്ടെത്തേണ്ടിവന്നു. അതുകൊണ്ട് ഞങ്ങൾ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സമീപിച്ചു സഹായം തേടി. സന്തുഷ്ടനായ അദ്ദേഹം ഈ സ്ഥാപനത്തിനു വേണ്ടി ഉദാരമായി സംഭാവന ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ പള്ളികൾക്കും വ്യക്തികൾക്കും ഒരു പൊതു കല്പന അയച്ചു. കല്പന ഇറക്കിയശേഷം ഞങ്ങൾ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും പണം പിരിക്കാനായി സഞ്ചരിക്കുകയും മൂന്നു വർഷം കൊണ്ട് ഏതാണ്ട് 30000 രൂപ ശേഖരിക്കുകയും ചെയ്തു. ആദ്യത്തെ മൂന്നു വർഷം കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും യഥാസമയം ഓഡിറ്റു ചെയ്യുകയും ഉണ്ടായി. ഈ കണക്കുകളിൽ നിന്നും ഓഡിറ്ററുടെ റിപ്പോർട്ടിൽ നിന്നും പിരിവ് 30000 രൂപയിൽ കൂടുതലായെന്നു കാണാവുന്നതാണ്. ഈ പണത്തിന്റെ ഒരു ഭാഗം കൊണ്ട് ഒരു അനാഥശാലയും ഒരു പള്ളിയും ആശ്രമ കെട്ടിടങ്ങളും നിർമ്മിച്ചു. പിന്നീടു സമീപത്തുള്ള 40 ഏക്കർ സ്ഥലം 1400 രൂപ കൊടുത്തു വാങ്ങുകയും ചെയ്തു.

6. ഞങ്ങളുടെ പ്രവർത്തനം നടത്താൻ പിരിച്ചെടുത്ത ഈ പണം പോരാ എന്നു തോന്നിയപ്പോൾ വിദേശങ്ങളിൽ നിന്നും പണം പിരിക്കേണ്ടി വന്നു. അതനുസരിച്ചു ഞാൻ മലയായിലും ജാവയിലും പോയി രണ്ടു വർഷത്തോളം അവിടെ താമസിക്കുകയും അവിടെ നിന്നു 8000 രൂപ പിരിച്ചെടുക്കുകയും ഉണ്ടായി. ഈ തുകയെല്ലാം മാർ ഈവാനിയോസിന്റെ പേർക്കയച്ചു കൊടുത്തു. ഇതേ സമയം നാട്ടിൽ സുറിയാനിസഭയിൽ നിന്നും അംഗങ്ങളിൽ നിന്നും ആശ്രമത്തിനു വേണ്ടി പണം ശേഖരിച്ചുകൊണ്ടിരുന്നു.

7. നേരത്തേ പറഞ്ഞതുപോലെ ആദ്യത്തെ മൂന്നു വർഷം കണക്കുകൾ ക്രമമായി എഴുതി സൂക്ഷിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്തു. പിന്നീട് ലഭിച്ച പണത്തിന്റെ വരവു ചെലവു കണക്കുകൾ മാർ ഈവാനിയോസ് എഴുതി ഓഡിറ്റ് ചെയ്തു സൂക്ഷിച്ചില്ല. ധർമ്മസ്ഥാപനത്തിനു വേണ്ടി വളരെ കഷ്ടപ്പെട്ടു പിരിച്ച പണം അദ്ദേഹം അലക്ഷ്യമായി ചെലവാക്കിക്കൊണ്ടിരുന്നു. മാർ ഈവാനിയോസ് സഭ വിടുന്നതുവരെ അദ്ദേഹത്തിന്റെ കൈവശം കുറഞ്ഞപക്ഷം ഒരു ലക്ഷം രൂപ എത്തിയിട്ടുണ്ടാവും. ഈ തുകയ്ക്ക് മാർ ഈവാനിയോസ് കണക്കു തരേണ്ടതായിരുന്നു. ഈ ഒരു ലക്ഷം രൂപയിൽ മലയ, ജാവ എന്നിവിടങ്ങളിൽ നിന്നു പിരിച്ചതുൾപ്പെടെ ഈ പാവപ്പെട്ട ഞാൻ തന്നെ ഏതാണ്ടു 40000 രൂപ ശേഖരിച്ചിട്ടുണ്ട്.

8. പെരുനാട്ടിലെ സ്വത്തുക്കൾക്കു പുറമേ ഞങ്ങൾ പിന്നീട് മറ്റു പ്രദേശങ്ങളിൽ സ്ഥലം വാങ്ങി കെട്ടിടങ്ങൾ നിർമ്മിച്ചു.

9. മുകളിൽ അറിയിച്ചതിൽ നിന്നു താഴെ പറയുന്ന വസ്തുതകൾ വ്യക്തമാണ്.

a) ബഥനി ആശ്രമം ആരംഭിക്കുക എന്ന ആശയം മാർ ഈവാനിയോസും ഞാനും ഞങ്ങളുടെ സഭയിലെ മറ്റു ചിലരും, സെറാമ്പൂരിൽ ആയിരുന്നപ്പോൾ ഉടലെടുത്തതാണ്.

b) സുറിയാനിസഭയുടെ നന്മയ്ക്കു വേണ്ടിയാണ് ഒരു സ്ഥാപനമെന്ന നില

യിൽ ആശ്രമം ആരംഭിച്ചത്; അത് സുറിയാനിസഭ വകയുമാണ്.

c) സുറിയാനിസഭയുടെ മെത്രാപ്പോലീത്തായായ മാർ ദീവന്നാസ്യോസിന്റെ വ്യക്തമായ അനുവാദത്തോടു കൂടിയാണ് ആശ്രമം ആരംഭിച്ചത്.

d) സുറിയാനിസഭയിലെ ഒരു പ്രമുഖ അംഗമായ ഇ. ജെ. ജോൺ പെരുനാട്ടിൽ സംഭാവന ചെയ്ത നൂറേക്കറാണ് ആശ്രമത്തിന്റെ ആരംഭത്തിനുള്ള കാരണം.

e) സുറിയാനിസഭയ്ക്കു വേണ്ടി ഒരു സന്യാസാശ്രമം ആരംഭിക്കുക എന്ന സുവ്യക്തമായ ലക്ഷ്യത്തോടെയാണ് നൂറേക്കർ ദാനം.

f) സുറിയാനിസഭയ്ക്കു വേണ്ടി ഒരു ധർമ്മസ്ഥാപനം തുടങ്ങുന്നതിനാണ് ഈ ഭൂമി എന്ന ശക്തമായ നിവേദനങ്ങളുടെ ഫലമായിട്ടാണ് 290 ഏക്കർ ഗവൺമെന്റ് ഭൂമി രജിസ്റ്റർ ചെയ്തു കിട്ടിയത്.

g) ഈ 290 ഏക്കർ രജിസ്റ്റർ ചെയ്ത് കിട്ടാൻ മാർ ഈവാനിയോസ് അദ്ദേഹത്തിന്റെ സ്വന്തം പണം ഒന്നും കൊടുത്തിട്ടില്ല. ഇതിനുവേണ്ടി അദ്ദേഹത്തിന്റെ പിതാവിൽ നിന്നു കടം വാങ്ങിയ തുക ഈ സ്ഥലത്തെ തടി വെട്ടിവിറ്റു തിരിച്ചു കൊടുത്തു.

h) സുറിയാനി സഭയിൽ നിന്നും വെളിയിൽ നിന്നുമായി ഏകദേശം ഒരു ലക്ഷം രൂപ പിരിച്ചു. ഇതിൽ 40000 രൂപ ഞാനാണു ശേഖരിച്ചത്.

i) മലയ, ജാവ എന്നിവിടങ്ങളിൽ നിന്നു ഞാൻ തന്നെ 8000 രൂപ പിരിച്ചു.

j) ബഥനി ആശ്രമത്തിന്റെ ഇപ്പോഴത്തെ എല്ലാ സ്വത്തുക്കളും മുകളിൽ പറഞ്ഞ ധനശേഖരണത്തിലൂടെ സമ്പാദിച്ചതാണ്.

10. യഥാർത്ഥ വസ്തുതകൾ ഇതായിരിക്കെ, മാർ ഈവാനിയോസ് സുറിയാനിസഭ വിട്ട് റോമാസഭയിൽ ചേർന്നപ്പോൾ അദ്ദേഹം ബഥനിയുടെ സ്വത്തുക്കളെല്ലാം തിരിച്ചുകൊടുക്കാതിരുന്നത് അങ്ങേയറ്റത്തെ അനീതിയും അനാശാസ്യപ്രവർത്തനവുമായിരുന്നു. അദ്ദേഹം റോമാസഭയിൽ ചേർന്നപ്പോൾ ബഥനിയുടെ സ്വത്തുക്കൾ എല്ലാം വിട്ടുകൊടുക്കുകയാണെന്നും ഒന്നുംതന്നെ കൂടെ കൊണ്ടുപോകുന്നില്ലെന്നും പറഞ്ഞിരുന്നു. ഇതു സത്യമല്ല. അദ്ദേഹം ഇപ്പോഴും ബഥനിയുടെ സ്ഥാവര ജംഗമ സ്വത്തുക്കളിലധികവും കൈവശം വച്ചു കൊണ്ടിരിക്കയാണെന്നു ഞാൻ കാണിച്ചുതരാം. സഭാ പരിവർത്തനകാലത്ത് ഉപേക്ഷിച്ച ചില വസ്തുക്കൾ പോലീസിന്റെ സഹായത്തോടെ ബലമായി കൈവശപ്പെടുത്താൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രേരണയോടെ ഒരു ക്രിമിനൽ കേസും ഈയിടെ ആരംഭിച്ചു.

11. മാർ ഈവാനിയോസ് സുറിയാനിസഭ വിടുന്നതിനു മുമ്പ് ബഥനി ആശ്രമം ആർജ്ജിച്ച സ്വത്തുക്കളുടെ ഒരു പട്ടിക ഞാൻ താഴെ ചേർക്കുന്നു. എ എന്നും ബി എന്നുമുള്ള രണ്ടു ഷെഡ്യൂളായിട്ടാണ് അവ തിരിച്ചിരിക്കുന്നത്. എ ഷെഡ്യൂളിൽപ്പെടുന്നവ ഇപ്പോഴും മാർ ഈവാനിയോസിന്റെ കൈവശത്തിലിരിക്കുന്നതും ബി ഷെഡ്യൂളിൽ വരുന്നവ ഞങ്ങളുടെ കൈവശത്തിലുള്ളതുമാണ്. അവ തിരിച്ചു നൽകുന്നതിനു മുമ്പ്, മാർ ഈവാനിയോസ് ഉന്നയിക്കുന്ന ഒരു വാദമുഖത്തെ സ്പർശിക്കേണ്ടതുണ്ട്. അദ്ദേഹം പറയുന്നത് ബഥനി സുറിയാനിസഭ വകയല്ലെന്നും അത് അദ്ദേഹത്തിന്റെ സ്വകാര്യസ്വത്താണെന്നും അത്രേ. ഈ വാദമുഖം അസത്യജടിലവും ഒരിക്കലും ന്യായീകരിക്കാനാവാത്തതുമാണ്. തന്റെ ഈ വാദമുഖത്തിനനുകൂലമായി അദ്ദേഹം പറയുന്നത്, സുറിയാനിസഭയ്ക്കു വെളിയിലുള്ളവരോടും സംഭാവനകൾ സ്വീകരിച്ചിട്ടുണ്ടെന്നും അതുകൊണ്ട് ആശ്രമം സുറിയാനിസഭയുടേതല്ലെന്നുമാണ്. സഭയ്ക്കു വെളിയിൽ നിന്നു കുറെ പണം പിരിച്ചു എന്നതു ശരിയാണ്. സംഭാവന നൽകിയ എല്ലാവരും, വിശിഷ്യ സഭയുടെ അംഗങ്ങളല്ലാത്തവരും, ഈ തുക സുറിയാനി സഭയുടെ ഒരു സ്ഥാപനത്തിനുള്ളതാണെന്ന് അറിയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ പണം തന്നവരുടെ ഇടയിൽ ഒരു ഹിതപരിശോധന നടത്തി നോക്കാം. അവരെല്ലാംതന്നെ എന്റെ നിലപാടിനോടു യോജിക്കുമെന്നും എനിക്കുറപ്പുണ്ട്. മലയാ, ജാവാ എന്നിവിടങ്ങളിൽ നിന്നുള്ള പിരിവിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ പ്രസ്താവിച്ചിട്ടുള്ളതുപോലെ, പണം തന്നവരെല്ലാം തന്നെ സുറിയാനിസഭയുടെ ഒരു സ്ഥാപനത്തിനാണെന്നറിഞ്ഞു കൊണ്ടു തന്നെയാണപ്രകാരം ചെയ്തിട്ടുള്ളതെന്ന് എനിക്കുറപ്പുണ്ട്. ഒരു പ്രത്യേക മതവിഭാഗത്തിന്റെ ഒരു ധർമ്മസ്ഥാപനത്തിനു മറ്റു വിഭാഗങ്ങളും സംഭാവന നൽകുമെന്നും എന്നാൽ ആ സ്ഥാപനം അവരുടെ വകയായിരിക്കുകയില്ലെന്നും ആർക്കും അറിയാവുന്ന ഒരു കാര്യമാണ്. രണ്ടാമതായി ബഥനി സുറിയാനിസഭയുമായി ബന്ധമില്ലാതെ ഒരു പ്രത്യേക സ്വതന്ത്രസ്ഥാപനമായി മാർ ഈവാനിയോസ് ആരംഭിച്ചതാണെന്നും തന്നിമിത്തം സുറിയാനിസഭയ്ക്ക് അതിലവകാശമൊന്നുമില്ലെന്നും പറയുന്നുണ്ട്. ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ, ഈ വാദമുഖം ഒരു നിമിഷംപോലും നിലനില്ക്കുന്നതല്ലെന്നു വ്യക്തമായി കാണിച്ചു കൊടുക്കും. കൂടാതെ സുറിയാനിസഭയിലെ ഒരു വൈദികനായിരിക്കുമ്പോൾ ഈ സ്ഥാപനം സുറിയാനിസഭയുമായി ബന്ധപ്പെടാതെ സ്ഥാപിച്ചതാണെന്നു പറയുന്നത് അവിശ്വസനീയവും അസംഭാവ്യവുമാണ്. ആശ്രമം ആരംഭിച്ചു വളരെ കഴിഞ്ഞാണ് മാർ ഈവാനിയോസ് സുറിയാനിസഭയിലെ പരിശുദ്ധ കാതോലിക്കാ ബാവായാൽ മെത്രാനായി വാഴിക്കപ്പെടുന്നതും. ആശ്രമം സ്വകാര്യ സ്വത്താണെന്നുള്ള അവകാശവാദം ഉന്നയിക്കുന്നത് സ്വത്തുക്കളെല്ലാം തന്റെ സഹോദരനായ മത്തായി പണിക്കർക്കു നൽകുന്നതിനാണെന്നു ഞാൻ കേട്ട കാര്യവും ഇതോടൊന്നിച്ചു അറിയിച്ചുകൊള്ളുന്നു.

12. എ. ഷെഡ്യൂൾ: ഇപ്പോൾ മാർ ഈവാനിയോസിന്റെ കൈവശത്തിലിരിക്കുന്ന വസ്തുവകകൾ.

1. തിരുമൂല വസ്തു – തിരുമൂലപുരം ഇടവകപ്പള്ളിയുടെ കിഴക്കു കിടക്കുന്നത്. ഈ വസ്തുവിൽ രണ്ടു കെട്ടിടങ്ങൾ ഉണ്ട്. മാർ ഈവാനിയോസ് സുറിയാനിസഭ വിടുന്നതിനു മുമ്പ് വാങ്ങിയ ഈ വസ്തുവും കെട്ടിടങ്ങളും സുറിയാനിസഭ വകയാണ്.

2. ഒന്നാം നമ്പർ വസ്തുവിന്റെ സമീപത്തുള്ള മറ്റൊരു 30 സെന്റു സ്ഥലം. ഇതും മാർ ഈവാനിയോസ് സഭ വിട്ടുപോകും മുമ്പ് വാങ്ങിയതാണ്.

3. ബഥനിമഠം (കോൺവെന്റ്): ഇതു സുറിയാനിസഭ വക തിരുമൂലപുരം ഗേൾസ് സ്കൂളിനു 50 അടി ഉള്ളിൽ സ്ഥിതിചെയ്യുന്നതാണ്. നാലര ഏക്കറുള്ള ഈ സ്ഥലത്ത് ഒരു ചാപ്പലും കന്യാസ്ത്രീകളുടെ വസതിയും മറ്റു കെട്ടിടങ്ങളുമുണ്ട്. സുറിയാനിസഭയിലെ സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി കന്യാസ്ത്രീകളെ പരിശീലിപ്പിക്കുവാൻ ആരംഭിച്ചതാണ്. ഇതിൽ ഒരു കെട്ടിടം 1300 രൂപ ചെലവാക്കി കൽക്കട്ടയിലെ ഓക്സ്ഫോർഡ് മിഷൻ സിസ്റ്റർഹുഡിലെ മദർ ഈഡിത്ത് നിർമ്മിച്ചു കൊടുത്തതാണെന്നും ഓർക്കണം.

കൂടാതെ ഈ വസ്തുവിലെ പ്രധാന കെട്ടിടത്തിനു വേണ്ടി മദർ ഈഡിത്തു തന്നെ 600 രൂപ കൂടി നൽകി. സുറിയാനിസഭയുടെ നന്മയ്ക്കു വേണ്ടി മാത്രമാണ് മദർ ഈഡിത്ത് കെട്ടിടം നിർമ്മിച്ചതും 600 രൂപ സംഭാവന ചെയ്തതും.

4. നിലാർ മഠം: നങ്ങ്യാർകുളങ്ങര മാർ ഈവാനിയോസ് റോമാസഭയിൽ ചേരുന്നതിനു മുമ്പാണ് സ്കൂളും മഠവും സ്ഥിതിചെയ്യുന്ന സ്ഥലം നാലായിരത്തോളം രൂപയ്ക്കു വാങ്ങിയത്. മാർ ഈവാനിയോസ് സഭ വിടുന്നതിനു മുമ്പ് സഭ 2500 രൂപ നൽകി. തന്നിമിത്തം സുറിയാനിസഭയ്ക്ക് ഈ വസ്തുവിൽ 2500 രൂപയുടെ അവകാശമേയുള്ളൂ.

5. പ്രിന്റിങ് പ്രസ്സ്, പ്രസ്സ് ബിൽഡിങ് ഇവ സ്ഥിതിചെയ്യുന്ന സ്ഥലം. ഇതും മാർ ഈവാനിയോസ് മാതൃസഭ വിട്ടുപോകുന്നതിനു മുമ്പ് വാങ്ങിയതാണ്. സ്ഥലം വാങ്ങുന്നതിനും കെട്ടിടം വയ്ക്കുന്നതിനുമുള്ള പണവും സുറിയാനിസഭയുടേതാണ്. സുറിയാനിസഭയുടെ പ്രയോജനത്തിനുവേണ്ടി ഒരു അമേരിക്കൻ വനിത അന്നത്തെ തിരുവിതാംകൂർ വൈ. എം. സി. എ. സെക്രട്ടറി ഫൗളർ മുഖേന നൽകിയ ഒരു സമ്മാനമാണ് പ്രസ്സ്. പ്രസ്സിനു വേണ്ട മറ്റു ബന്ധപ്പെട്ട ഉപകരണങ്ങളും സഭ വക പണം കൊണ്ടുതന്നെ വാങ്ങി. ഇതിൽ 1600 രൂപ പുത്തൻകാവു പള്ളിയുടെ സംഭാവനയുമാണ്.

6. മാർ ഈവാനിയോസ് റോമാസഭയിൽ ചേർന്നപ്പോൾ പ്രസ്സിൽ അച്ചടിച്ചുവച്ചിരുന്ന രണ്ടായിരം രൂപയുടെ പുസ്തകങ്ങളും അദ്ദേഹം എടുത്തു കൊണ്ടുപോയി. ഈ രണ്ടായിരം രൂപ സുറിയാനിസഭയ്ക്കു കിട്ടേണ്ടതാണ്.

7. തിരുവല്ലയിലെ സെമിത്തേരിപ്പറമ്പ്. ഇതും മാർ ഈവാനിയോസ് സഭ വിട്ടു പോകുന്നതിനു മുമ്പ് വാങ്ങിയതാണ്. ഇതിന്റെ വിലയായി സുറിയാനി സഭ 100 രൂപ നൽകിയിട്ടുണ്ട്.

8. മാവേലിക്കരപള്ളി: ഈ പള്ളിയും മാർ ഈവാനിയോസ് സഭ വിട്ടുപോകുന്നതിനു മുമ്പ് എക്സിക്യൂട്ടീവ് എൻജിനീയറും സഭയിലെ ഒരു പ്രമുഖ

അംഗവുമായിരുന്ന ജോർജ്ജ് ഫിലിപ്പിന്റെ പരിശ്രമഫലമായി സഭാംഗങ്ങളിൽ നിന്നു പിരിച്ചെടുത്ത പണം കൊണ്ട് നിർമ്മിച്ചതാണ്. അതുകൊണ്ട് ഇതും സുറിയാനിസഭയുടേതു തന്നെ.

9. ചന്ദനപ്പള്ളി പുരയിടം. ഈ സ്ഥലവും മാർ ഈവാനിയോസ് പോകുന്നതിനു മുമ്പ് വാങ്ങിയതാണെങ്കിലും പോയശേഷമാണ് അവിടെ ചാപ്പൽ നിർമ്മിച്ചത്. അതുകൊണ്ട് ഈ ചാപ്പൽ സുറിയാനി സഭയുടേതല്ല. എന്നാൽ രണ്ടേക്കർ വിസ്തൃതിയുള്ള ഭൂമി സുറിയാനിസഭ വകയാണ്.

10. തുമ്പമൺ വടക്കേക്കരപ്പള്ളിയും സ്ഥലവും: ഇതും മാർ ഈവാനിയോസ് റോമാസഭയിൽ ചേരുന്നതിനു മുമ്പ് വാങ്ങിയതാകയാൽ സുറിയാനി സഭയുടേതാണ്.

11. തുമ്പമൺ സൗത്ത് (തട്ടയിൽ) സൈറ്റ്. ഇതും മാർ ഈവാനിയോസ് സഭ വിടുംമുമ്പ് വാങ്ങിയതാണ്.

12. ഉള്ളന്നൂർപ്പള്ളിയും സ്ഥലവും: ഈ പള്ളിയും സ്ഥലവും മാർ ഈവാനിയോസ് പോകുന്നതിനു മുമ്പ് സുറിയാനിസഭ വാങ്ങിയതാണ്. പിന്നീടു പള്ളി അഗ്നിക്കിരയായി. ഭൂമി സുറിയാനിസഭയുടേതാണ്.

13. കല്ലുപ്പാറയ്ക്കടുത്തുള്ള കടമാൻകുളം പള്ളിയും സ്ഥലവും: ഇതും മാർ ഈവാനിയോസ് പോകുംമുമ്പ് ആർജ്ജിച്ചതും സുറിയാനിസഭ വകയുമാണ്.

14. മാന്നാറിലുള്ള (നിരണം) രണ്ടു സ്ഥലങ്ങൾ: ഇവയും മാർ ഈവാനിയോസ് റോമാസഭയിൽ ചേരുന്നതിനു മുമ്പ് വാങ്ങിയതും സുറിയാനി സഭ വകയുമാണ്.

15. ചേപ്പാട് ഇംഗ്ലീഷ് മിഡിൽ സ്കൂൾ: ഇത് ചേപ്പാട് പള്ളിവകയാണ്. സ്കൂൾ കെട്ടിടം, സ്ഥലം, ഫർണീച്ചർ എന്നിവയ്ക്ക് 8000 രൂപ വില. ചേപ്പാടു പള്ളിയാണ് പണം നൽകിയത്. ഈ സ്കൂളിന്റെ മാനേജ്മെന്റ് സംബന്ധിച്ച് ഇടവകക്കാരുടെയിടയിൽ ചില തർക്കങ്ങൾ ഉണ്ടായിരുന്നു. ഈ തർക്കം തീർക്കുന്നതിനുവേണ്ടി മാനേജ്മെന്റ് മാർ ഈവാനിയോസിനു വിട്ടുകൊടുത്തു. മാനേജ്മെന്റ് വിട്ടു കൊടുത്തപ്പോൾ മൂന്നു കൊല്ലത്തിനകം ഹൈസ്ക്കൂളാക്കി ഉയർത്താമെന്ന് മാർ ഈവാനിയോസ് ഏറ്റിരുന്നു എങ്കിലും ഇപ്പോഴും മിഡിൽ സ്കൂൾ തന്നെ. ഈ വാഗ്ദാനവും മാനേജ്മെന്റ് വിട്ടുകൊടുക്കാൻ ഇടവകക്കാരെ പ്രേരിപ്പിക്കുകയുണ്ടായി. മാർ ഈവാനിയോസ് തന്നെ ഇപ്പോഴും സ്കൂൾ കൈവശം വച്ചിരിക്കുന്നു. സ്കൂൾ വിട്ടുകൊടുക്കാതിരിക്കുന്നതിന് ഒരു ന്യായീകരണവുമില്ല.

16. കവിയൂരിനടുത്തുള്ള കോട്ടൂരെ സ്ഥലം: ഇതും മാർ ഈവാനിയോസ് സുറിയാനിസഭ വിടുംമുമ്പു വാങ്ങിയതും സഭ വകയുമാണ്.

17. കവിയൂരിനടുത്തുള്ള മീന്തലക്കര: ഇതും മാർ ഈവാനിയോസ് റോമാസഭയിൽ ചേരുന്നതിനു മുമ്പ് വാങ്ങിയതാണ്.

18. പുറമറ്റം പള്ളി: പുറമറ്റം പള്ളിയുടെ അറ്റകുറ്റപ്പണികൾക്കായി ഇടവകക്കാർ സംഭാവന ചെയ്ത 150 രൂപ പുറമറ്റം ബാങ്കിൽ മാർ ഈവാനിയോസിന്റെ പേരിൽ ഇട്ടിരുന്നു എങ്കിലും അദ്ദേഹം സുറിയാനിസഭ വിട്ടപ്പോൾ ആ പണം എടുത്തുകൊണ്ടുപോയി.

19. സുറിയാനിസഭ വക തിരുമൂലപുരം ഹൈസ്ക്കൂളിനോടനുബന്ധിച്ചുള്ള ചാപ്പലിലെ ആവശ്യത്തിനുവേണ്ടി ഒരു കാപ്പയുണ്ടാക്കാൻ സ്കൂളിൽ നിന്ന് മാർ ഈവാനിയോസിനു 200 രൂപ നൽകി. മാർ ഈവാനിയോസ് കാപ്പ ഉണ്ടാക്കുകയോ പണം തിരിച്ചു നൽകുകയോ ചെയ്തില്ല.

20. പ്ലാമൂട്ടിൽ ചിട്ടിയിൽ നിന്ന് മാർ ഈവാനിയോസിനു ചിട്ടിത്തുകയായി 1500 രൂപ കിട്ടി. ബഥനിക്കുള്ള പൊതുധനശേഖരണത്തിൽ നിന്നാണു ചിട്ടിത്തുക അടച്ചുകൊണ്ടിരുന്നത്. തന്നിമിത്തം ഈ തുക ബഥനിക്കുള്ളതാണ്. തന്റെ സ്വന്തം പണമായി കണക്കാക്കി ഈ തുക അദ്ദേഹം മറ്റൊരു മാന്യവ്യക്തിക്കു നൽകുകയാണുണ്ടായത്. ഈ പണം തിരിച്ചടയ്ക്കേണ്ടതാണ്.

21. 3500 രൂപയുടെ തേയില ഓഹരി: നേരത്തേ പറഞ്ഞതുപോലെ ബഥനിക്കു മൊത്തം 430 ഏക്കർ സ്ഥലമാണുള്ളത്. ഞങ്ങളും മറ്റു ചിലരുംകൂടി പെരുനാടു പ്ലാന്റേഷൻ ക്ലിപ്തം എന്ന ഒരു ടീ കമ്പനി ആരംഭിച്ചു. ഈ കമ്പനിക്കു ബഥനി വക 100 ഏക്കർ സ്ഥലം 7500 രൂപയ്ക്കു വിറ്റു. ഇതിൽ നിന്നു 3500 രൂപ കൊടുത്തു തേയില ഓഹരി വാങ്ങി. ബാക്കി 4000 രൂപ പണമായി കിട്ടി. ഈ തേയില ഓഹരികൾ ബഥനി ആശ്രമം വകയാണ്. എന്നാൽ തന്റെ സ്വന്തമാണെന്ന് പറഞ്ഞു കൊണ്ട് മാർ ഈവാനിയോസ് ഈ ഓഹരികൾ കൈവശം വച്ചിരിക്കുകയാണ്. ഈ തേയിലക്കമ്പനി രൂപവൽക്കരിക്കുന്നതിൽ സാധുവായ ഞാൻ വളരെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും പറയട്ടെ.

22. ഇവയ്ക്കെല്ലാം പുറമേ മാർ ഈവാനിയോസ് റോമാസഭയിൽ ചേർന്നപ്പോൾ നാലു ജോടി തിരുവസ്ത്രങ്ങളും നാലു ജോടി വെള്ളിപ്പാത്രങ്ങളും അംശവടിയും വെള്ളികൊണ്ടുള്ള ധൂപക്കുറ്റിയും സ്വർണ്ണക്കുരിശും, ചെയിനോടു കൂടിയ ഒരു സ്വർണ്ണക്കുരിശും, 100 രൂപ വിലയുള്ള ഒരു പിച്ചളവിളക്കും 2000 രൂപ വില വരുന്ന മറ്റു സാധനങ്ങളും എടുത്തുകൊണ്ടുപോയി.

23. താഴെപ്പറയുന്ന ലൈബ്രറിപുസ്തകങ്ങളും അദ്ദേഹം എടുത്തു കൊണ്ടുപോയി.

a) സുറിയാനി പുസ്തകങ്ങൾ

b) മദർ ഈഡിത്ത് സംഭാവന ചെയ്ത പുസ്തകങ്ങൾ.

c) മിസ് ബ്രൂക്ക്സ് സ്മിത്ത് സമ്മാനിച്ച പുസ്തകങ്ങൾ.

d) ഓക്സ്ഫോർഡ് മിഷൻ ബ്രദർ ഹുഡ് നൽകിയ പുസ്തകങ്ങൾ.

e) വിലയ്ക്കു വാങ്ങിയ കുറെ പുസ്തകങ്ങൾ.

ബി ഷെഡ്യൂൾ. ഞങ്ങളുടെ കൈവശമുള്ള സ്വത്തുക്കൾ

1. പെരുനാട്ടിലുള്ള സ്ഥലവും കെട്ടിടങ്ങളും ഇ. ജെ. ജോൺ സംഭാവനയായി നൽകിയ 100 ഏക്കറും തേയിലക്കമ്പനിക്കു വിറ്റ 100 ഏക്കറും ഒഴിച്ച് 230 ഏക്കർ സ്ഥലം. ഈ സ്ഥലത്തു സ്ഥിതിചെയ്യുന്ന ആശ്രമം കെട്ടിടങ്ങൾ, അതിഥി മന്ദിരം, പള്ളി മുതലായവ.

2. വടശ്ശേരിക്കര ചാപ്പൽ. ചാപ്പലും അതിരിക്കുന്ന 50 സെന്റ് സ്ഥലവും.

3. വെണ്ണിക്കുളം ബഥനിപ്പള്ളിയും സ്ഥലവും. ഇത് നാലേക്കർ സ്ഥലമാണ്.

4. കുന്നംകുളത്തെ സ്ഥലവും ചാപ്പലും. ഇത് ഏകദേശം പത്തേക്കറാണ്.

ബി ഷെഡ്യൂളിലെ ഒന്നാം ഐറ്റമായ പെരുനാട്ടിലെ സ്ഥലത്തെപ്പറ്റി ചില കാര്യങ്ങൾ പറയാനുണ്ട്.

മാർ ഈവാനിയോസും മാർ തെയോഫിലോസും ഏതാനും സന്യാസിമാരോടു കൂടി സുറിയാനിസഭ വിട്ടുപോയപ്പോൾ ബാക്കിയുള്ള ഞങ്ങൾ അവരെ അനുഗമിക്കാതെ ആശ്രമത്തിന്റെ പ്രതിനിധികളായി അവിടെ താമസിച്ചു. പെരുനാട്ടിലെ 230 ഏക്കർ സ്ഥലവും കെട്ടിടങ്ങളും ഞങ്ങളുടെ കൈവശത്തിൽ തന്നെ തുടർന്നു. ഈയിടെയായി മാർ ഈവാനിയോസും അദ്ദേഹത്തിന്റെ സഹോദരൻ മത്തായി പണിക്കരും ഈ സ്ഥലം ബലമായി പിടിച്ചെടുക്കുന്നതിനും ഞങ്ങളെ ഇറക്കിവിടുന്നതിനും ആലോചിച്ചു വരുന്നു. ഈ ലക്ഷ്യം വച്ചുകൊണ്ട് പത്തു മാസം മുമ്പ് മത്തായി പണിക്കരും ഏതാനും റൗഡികളും ഞങ്ങളുടെ സ്ഥലത്ത് വന്നു ഞങ്ങളെ പുറത്താക്കാൻ ശ്രമിച്ചു. ഞങ്ങൾ ഉടൻതന്നെ ഈ വിവരം പത്തനംതിട്ട പോലീസ് ഇൻസ്പെക്ടറെ അറിയിക്കുകയും അദ്ദേഹം പെട്ടെന്നു സ്ഥലത്തു വന്ന് ഈ ദുർനടപടി തടയുകയും ചെയ്തു. ഈവാനിയോസും കൂട്ടരും സഭ വിട്ടതിനു ശേഷം ദീർഘനാളുകളായി ഞങ്ങൾ ഈ സ്ഥലം കൈവശം വച്ച് അനുഭവിക്കുന്നതാണെന്ന് ഇൻസ്പെക്ടർക്ക് മനസ്സിലാകുകയും അദ്ദേഹം അക്കാര്യം മേലധികാരികളെ അറിയിക്കുകയും ചെയ്തു. അങ്ങനെ, കൈയേറ്റം ചെയ്യുകയോ സ്ഥലത്തിന്റെ അടുത്തെങ്ങും വരുകയോ ചെയ്യരുതെന്ന് മത്തായി പണിക്കർക്കും കൂട്ടർക്കും പ്രത്യേകം നിർദ്ദേശം നൽകുകയുമുണ്ടായി. ഏതാനും മാസക്കാലത്തേക്കു ശല്യമൊന്നുമുണ്ടായില്ല. എന്നാൽ ചില ദിവസങ്ങൾക്കു മുമ്പ് മത്തായി പണിക്കരും റൗഡികളും ആശ്രമം ഭൂമി കൈവശപ്പെടുത്തുന്നതിനായി അവിടെ പ്രത്യക്ഷപ്പെട്ടു. അപ്പോഴും ഞങ്ങൾ പോലീസ് അധികൃതർക്ക് പരാതി കൊടുത്തു. ഇതിനിടയിൽ മാർ ഈവാനിയോസും മത്തായി പണിക്കരും കൂടി പോലീസിനെ സ്വാധീനിക്കുകയും അവിടെ സമാധാനലംഘനമുണ്ടാകാൻ സാധ്യതയുള്ളതായി മജിസ്ട്രേറ്റിനെ അറിയിക്കുകയും മജിസ്ട്രേറ്റ് ക്രിമിനൽ നടപടിക്രമം 128-ാം വകുപ്പനുസരിച്ച് കാര്യങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. വസ്തുക്കൾ കണ്ടുകെട്ടാനും മജിസ്ട്രേറ്റ് ഉത്തരവിടുകയും ഇപ്പോൾ ഗവൺമെന്റിന്റെ ഒരു സബോർഡിനേറ്റ് ഓഫീസർ വസ്തുക്കൾ കൈവശത്തിലാക്കുകയും ചെയ്തിരിക്കുന്നു. ഇതാണു മാർ ഈവാനിയോസ് ഏറ്റവും ഒടു

വിൽ ചെയ്തിരിക്കുന്ന ദ്രോഹം. ഈ നടപടികളിൽ മാർ ഈവാനിയോസും സഹോദരൻ മത്തായി പണിക്കരും പെരുനാട്ടിലെ ഈ വസ്തുക്കൾ തങ്ങളുടെ അധീനത്തിലാണെന്ന് അവകാശപ്പെടുന്നതാണ് വിസ്മയകരം. ബഥനി ആശ്രമത്തിന്റെ ആരംഭം മുതൽ തന്നെ അതോടനുബന്ധിച്ച് ഒരനാഥശാല സ്ഥാപിച്ചിരുന്നു എന്നും ഓർക്കണം. അനാഥരെല്ലാം ഇപ്പോഴും ഞങ്ങളോടൊപ്പം ഈ സ്ഥലത്താണ്.

തിരുവല്ലായിലെ ബിഷപ്പ് ഹൗസ്

13. എ. യോ ബി. യോ ഷെഡ്യൂളുകളിൽപെടാത്ത മറ്റൊരു വസ്തു കൂടി ഉണ്ട് – തിരുവല്ലായിലെ ബിഷപ്പ് ഹൗസും ചാപ്പലും. ഇതിന്റെ ചരിത്രം താഴെപ്പറയുന്നതു പോലെയാണ്. മാർ ഈവാനിയോസ് സുറിയാനിസഭവിടുന്നതിനു വളരെ മുമ്പ്, അതായത് മാർ ദീവന്നാസ്യോസ് ഹൈക്കോടതിയിൽ വട്ടിപ്പണ ക്കേസ് സംബന്ധിച്ച് ഇന്റർ പ്ലീഡർ തർക്കത്തിൽ പരാജയപ്പെട്ടപ്പോൾ, മാർ ദീവന്നാസ്യോസിനു താമസിക്കാൻ താൻ തിരുവല്ലയിൽ ഒരു നല്ല ബംഗ്ലാവ് നിർമ്മിക്കാമെന്നും അതിനു 3000 രൂപ നൽകണമെന്നും മാർ ഈവാനിയോസ് നിർദ്ദേശം വച്ചു. മാർ ദീവന്നാസ്യോസ് അതനുസരിച്ച് 3000 രൂപ നല്കി. ഈ പണം കൊണ്ടും സുറിയാനി സഭാംഗങ്ങളിൽ നിന്നു പിരിച്ച പണംകൊണ്ടും അരമനയും ചാപ്പലും പണിതു തുടങ്ങി. എന്നാൽ പണി പൂർത്തിയാകുന്നതിനു മുമ്പ് മാർ ഈവാനിയോസ് സുറിയാനി സഭ വിട്ടു. അതുകൊണ്ട് ഈ കെട്ടിടം സുറിയാനി സഭയുടേതാണ്.

14. എ. ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ളതു കൂടാതെ മാർ ഈവാനിയോസ് സർ ഡാനിയൽ ഹാമിൽട്ടൻ എന്ന ധ്വരയിൽ നിന്നു 7000 രൂപ പലിശയ്ക്കു വാങ്ങുകയും 7 വർഷം കൊണ്ട് തുല്യഗഡുക്കളായി അടച്ചുതീർക്കാമെന്ന് ഏൽക്കുകയും ചെയ്തിട്ടുണ്ട്. സർ ഡാനിയൽ ഹാമിൽട്ടൻ പലതവണ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും മാർ ഈവാനിയോസ് ഈ പണം തിരിച്ചടച്ചില്ല. അവസാനം ഈ പണം എനിക്കു സംഭാവനയായി വക വച്ചു തന്നു. ഇതു കഴിഞ്ഞ് ഈ പണം ഞാൻ ആവശ്യപ്പെട്ടു എങ്കിലും മാർ ഈവാനിയോസ് അതു നൽകിയില്ല. മാർ ഈവാനിയോസിനെതിരെ കേസു കൊടുക്കാതെ പണം കിട്ടുകയില്ലെന്നു തോന്നുന്നു. കോടതിയിൽ പോകാൻ എനിക്കു തീരെ മടിയാകയാൽ ഈ തുക തിരിച്ചു വാങ്ങാൻ ഞാൻ മറ്റൊരാൾക്ക് എന്റെ അവകാശം വിട്ടുകൊടുത്തു. അദ്ദേഹത്തിന്റെ പക്കലും മാർ ഈവാനിയോസ് പണം കൊടുത്തില്ല. അയാൾ പലിശസഹിതം പണം കിട്ടാനായി കേസു കൊടുക്കാനിരിക്കുകയാണ്.

മറ്റുള്ളവരോടുള്ള ബാധ്യത നിറവേറ്റുന്നതിൽ തല്പരനല്ല മാർ ഈവാനിയോസ് എന്നു കാണിക്കാനാണ് ഞാൻ ഈ വസ്തുത എടുത്തു പറയുന്നത്.

മുകളിൽ പ്രസ്താവിച്ചതിൽ നിന്നു ബഥനി, സുറിയാനിസഭയുടെ ഒരു സ്ഥാപനമാണെന്നും ഇപ്പോഴും അങ്ങനെ തുടരുന്നു എന്നും അങ്ങേയ്ക്കു വ്യക്തമായിരിക്കും.

മാർ ഈവാനിയോസ് സുറിയാനിസഭയിൽ നിന്നു വിട്ടുമാറി റോമാസഭയിൽ ചേർന്നതിനാൽ ബഥനി മേലുള്ള എല്ലാ അവകാശങ്ങളും അദ്ദേഹം നഷ്ടപ്പെടുത്തി. മാർ ഈവാനിയോസിന് ആശ്രമംവക ഒരു വസ്തുവിലും വ്യക്തിഗതമായ ഉടമസ്ഥാവകാശം ഇല്ലെന്നു മാത്രമല്ല ഉണ്ടായിരിക്കുകയുമില്ല. ഈ ബഥനി ആശ്രമം സുറിയാനിസഭയ്ക്കും അതിന്റെ പുരോഗതിക്കും വേണ്ടി സുറിയാനി സഭാംഗങ്ങൾ ആരംഭിച്ചതാണ്. ഈ ആശ്രമത്തിൽ സുറിയാനി സഭയിൽപെട്ട വരെ മാത്രമേ പ്രവേശിപ്പിച്ചിട്ടുള്ളു; മറ്റുള്ളവരെ എടുക്കാനും സാദ്ധ്യമല്ല.

ഇതുതന്നെ ഈ സ്ഥാപനം സുറിയാനിസഭയുടേതാണെന്നതിനുള്ള അസന്ദിഗ്ദ്ധമായ തെളിവാണ്. മാർ ഈവാനിയോസിനോടൊപ്പം സഭ വിട്ടുപോകാത്ത ഞാനും സഹ സന്യാസിമാരും ആണ് ഇപ്പോൾ ഈ സ്ഥാപനത്തെ പ്രതിനിധാനം ചെയ്യുന്നതും. ഇക്കാരണങ്ങളാൽ, ആശ്രമംവക ഒരു വസ്തുവും കൈവശം വയ്ക്കാൻ സഭ വിട്ടുപോയ മാർ ഈവാനിയോസിന് ഒരു അർഹതയുമില്ല. തനിക്കു ബഥനി സംബന്ധിച്ച ചില കടങ്ങൾ ഉണ്ടെന്നും അവ വീട്ടണമെന്നും മാർ ഈവാനിയോസ് പറയുന്നുണ്ട്. ഈ ബാദ്ധ്യത ഞങ്ങളുടെ കൈവശമുള്ള ചില വസ്തുക്കളിൽ ചുമത്തണമെന്നും അദ്ദേഹം ആവശ്യപ്പെടുന്നു. തന്റെ കൈവശത്തിലിരിക്കുന്ന ഒരു വസ്തുവിലും ഈ കടംചേർക്കാൻ പാടില്ലെന്നും അദ്ദേഹം ശഠിക്കുന്നു.

ഒന്നാമതായി, യാഥാർത്ഥ്യങ്ങൾ ഒന്നുമില്ല. ചില കടങ്ങളുണ്ടെന്നു വരുത്താനായി സഭ വിട്ടശേഷം അദ്ദേഹം ഏതാനും പ്രമാണങ്ങൾ ചമച്ചു. ഞങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കാൻ വേണ്ടിയാണ് ഈ വ്യാജകടരേഖകൾ മുന്നോട്ടുവച്ചത്. മാർ ഈവാനിയോസ് വളരെയധികം പണം പിരിച്ചു എങ്കിലും അതിനു കണക്കൊന്നും എഴുതിയിട്ടില്ല. കണക്കു നോക്കുന്നപക്ഷം ഒരു വലിയ തുക ഞങ്ങൾക്ക് അദ്ദേഹത്തിൽ നിന്നു കിട്ടാനുണ്ടെന്നും കാണാം.

എന്നിരിക്കിലും മാർ ഈവാനിയോസ് യഥാർത്ഥ കടത്തിനു തൃപ്തികരമായ തെളിവുകൾ നൽകുകയും സുറിയാനി സഭ വിടുന്നതു വരെ പിരിച്ച പണത്തിന്റെ കണക്കു കാണിക്കുകയും ചെയ്യുന്നപക്ഷം കടം തീർക്കാൻ ഞങ്ങൾ ഒരുക്കമാണ്.

എന്റെ ഈ നിവേദനം അല്പം നീണ്ടുപോയോ എന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ ഇതിൽ ഉൾക്കൊള്ളുന്ന കാര്യത്തിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ അങ്ങ് അതെന്നോടു ക്ഷമിക്കുമെന്ന് ഞാൻ കരുതുന്നു.

അവസാനമായി ഞാൻ അങ്ങയോട് ഏറ്റവും വിനീതമായി അഭ്യർത്ഥിക്കുന്നത്, എ. ഷെഡ്യൂളിൽപെട്ടതും മാർ ഈവാനിയോസും അനുയായികളും സുറിയാനിസഭ വിട്ട് റോമാസഭയിൽ ചേരുന്നതിനു മുമ്പ് വാങ്ങിയതുമായ വസ്തുവകകൾ ഞങ്ങൾക്കു വിട്ടുതരാൻ മാർ ഈവാനിയോസിനോടാവശ്യപ്പെടണമെന്നാണ്. അങ്ങ് ഇക്കാര്യത്തിൽ ശ്രദ്ധിക്കുമെന്നും ആവശ്യമായതു ചെയ്യുമെന്നും പ്രശ്നപരിഹാരം തേടി കോടതിയെ സമീപിക്കുന്നതിൽ നിന്നു ഞങ്ങളെ ദയവായി പിൻതിരിപ്പിക്കുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. കോടതിയിൽ പോകേണ്ടിവരുന്നതു തികച്ചും വേദനാജനകമാണ്. എന്നാൽ ആ മാർഗ്ഗം തന്നെ സ്വീകരിക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നപക്ഷം പോകാതിരിക്കുകയില്ലെന്നും പറയട്ടെ.

വിശ്വസ്ത വിധേയൻ

ഫാ. അലക്സിയോസ്

ബഥനിചർച്ച്, തിരുവല്ല
20–7–1934

വയനാടിന് സഹായ ഹസ്തവുമായി അഹമ്മദാബാദ് ഭദ്രാസനം

മലങ്കര ഓർത്തഡോക്സ് സഭയുടെ അഹമ്മദാബാദ് ഭദ്രാസനത്തിലെ വൈദികരുടെയും സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെയും യോഗം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി വയനാട്ടിലെ മുണ്ടക്കയിലും ചൂരൽമലയിലും ഉണ്ടായ ഉരുൾപൊട്ടലിൽ ദാരുണ അന്ത്യം സംഭവിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനോടൊപ്പം ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിനും പ. കാതോലിക്ക ബാവായുടെ നേതൃത്വത്തിൽ സഭ നടപ്പാക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളിൽ ഭദ്രാസനത്തിലെ ഇടവകകളെയും വിശ്വാസികളെയും സംഘടിപ്പിച്ച് പരമാവധി സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.



എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ MBA Operations & Finance ൽ റാങ്ക് കരസ്ഥമാക്കിയ ഷെബിൻ വി. യോഹന്നാൻ. വളഞ്ഞവട്ടം സെന്റ് മേരീസ് ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പൗലോസ് ശ്ലീഹാ തീമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനം: ഒന്നാം പ്രസംഗം



ഫാ. ജോബ് സാം മാത്യു
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)


(തുടർച്ച)

സന്ദേഹങ്ങൾക്ക് (questions) നാം ചെവി കൊടുക്കാതിരിക്കണം. എന്തെന്നാൽ നമ്മളിൽ ഭരമേല്പിച്ചിരിക്കുന്നത് മടികൂടാതെ വിശ്വസിക്കുവാനും സംശയമില്ലാതെ നിലനിൽക്കാനുമാണ് നമ്മൾ "വിശ്വാസികൾ" എന്നു വിളിക്കപ്പെട്ടത്. എന്തെന്നാൽ നാം വിശ്വസിക്കുന്നവ മാനുഷികമാണെങ്കിൽ അത് പരിശോധനയ്ക്ക് വിധേയമാക്കണം. അവ ദൈവത്തിൽ നിന്നുള്ളവയായതിനാൽ ആദരിക്കുകയും വിശ്വസിക്കുകയും (revered and believed) ചെയ്യുക മാത്രമാണ് വേണ്ടത്. നാം വിശ്വസിക്കുന്നില്ലെങ്കിൽ എങ്ങനെയാണ് ദൈവത്തിൻറെ അസ്തിത്വത്തെക്കുറിച്ച് നമുക്ക് ബോധ്യമാവുക? ദൈവത്തെ നാം പരിശോധനയ്ക്കു വിധേയമാക്കുമ്പോൾ, എങ്ങനെയാണ് ദൈവമുണ്ടെന്ന് നമുക്കു മനസ്സിലാക്കാനാവുക?

തെളിവുകളും പരിശോധനയും കൂടാതെ ദൈവത്തിൽ വിശ്വസിക്കുന്നതിലൂടെയാണ് അവനെക്കുറിച്ചുള്ള ഏറ്റവും ഉദാത്തമായ ജ്ഞാനം ലഭിക്കുക. The knowledge of God is best shown by believing in Him without proofs and demonstrations. ഗ്രീക്കുകാർക്ക് ഇതറിയാം. കാരണം അവർ ദൈവത്തിൻറെ സന്തതികളാണെന്നു അവരുടെ ദൈവങ്ങൾ പറഞ്ഞത് തെളിവുകൾ കൂടാതെ അവർ വിശ്വസിച്ചു. എന്നാൽ ഞാൻ എന്തിനാണ് ദൈവങ്ങളെക്കുറിച്ച് പറയുന്നത്? വഞ്ചകനും മന്ത്രവാദിയുമായ പൈതഗോറസിൻറെ കാര്യത്തിലും അവർ അതേ രീതിയിൽ പറയുകയും പ്രവർത്തിക്കുകയും ചെയ്തു. അവരുടെ ക്ഷേത്രങ്ങളും ദേവതകളും മൗനത്തിലാണ്. എല്ലാവരോടും നിശബ്ദമാകാനും പറയുന്നുണ്ട്. എന്നാൽ അവരുടെ ഉപദേശങ്ങൾ വിശുദ്ധവും നമ്മുടേത് വികലവും പരിഹാസ്യവുമാണോ? ഇത് കടുത്ത ഭ്രാന്താണ്.

ഗ്രീക്കുകാരുടെ ചിന്തകൾ നിശ്ചയമായും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. തർക്കങ്ങളും കലഹങ്ങളും സംശയങ്ങളും നിഗമനങ്ങളും അവരുടെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. എന്നാൽ നമ്മുടേത് ഇതിൽ നിന്നെല്ലാം വിഭിന്നമാണ്. അവരുടെ വിജ്ഞാനം മാനുഷികമായി രൂപപ്പെടുത്തിയതാണ്. എന്നാൽ നമ്മുടേത് പരിശുദ്ധാത്മാവിന്റെ കൃപയാൽ പഠിപ്പിച്ചതാണ്. Ours were taught by the grace of the Spirit. അവരുടെ ഉപദേശങ്ങൾ ഭ്രാന്തവും അവിവേകവുമാണ്. എന്നാൽ നമ്മുടേത് യഥാർത്ഥ ജ്ഞാനമാണ്. ഒരു ഗുരുവോ പണ്ഡിതനോ അവർക്കില്ല. അവരെല്ലാവരും പരസ്പരം തർക്കിക്കുകയാണ്. എന്നാൽ ഇവിടെ അധ്യാപകനും പണ്ഡിതനും തങ്ങൾ പഠിക്കേണ്ടുന്നവനെ സംബന്ധിച്ച് പഠിക്കുന്നു. അത് സംശയിക്കുന്നതിനോ തർക്കിക്കുന്നതിനും അല്ല; അനുസരിക്കുന്നതിനും വിശ്വസിക്കുന്നതിനുമാണ്. എല്ലാ പൂർവികരും വിശ്വാസത്താൽ നല്ല സാക്ഷ്യം പ്രാപിച്ചു. അതില്ലായിരുന്നുവെങ്കിൽ സകലവും അട്ടിമറിക്കപ്പെടുമായിരുന്നു. സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ച് എന്തിനാണ് ഞാൻ സംസാരിക്കുന്നത്? ഭൗമിക കാര്യങ്ങളും അവയെ ആശ്രയിച്ചിരിക്കുന്നു എന്ന് വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാകും. കാരണം, വ്യാപാരവും കരാറുകളും സമാനമായവയും ഇവ കൂടാതെ നടക്കുന്നില്ല. തെറ്റായ കാര്യങ്ങളിൽ ഇത് അത്രത്തോളം ആവശ്യമെങ്കിൽ, അവയിലും ഇതാവശ്യമല്ലേ.

ജാതകവും (nativity) വിധിയുമായി (fate) ബന്ധപ്പെട്ട എല്ലാ നാശകരമായ ഉപദേശങ്ങളും നമ്മുടെ ആത്മാവിൽ നിന്നും പുറന്തള്ളണമെന്നത് കൃത്യതയോടെ നമുക്ക് പാലിക്കാം. പുനരുത്ഥാനവും ന്യായവിധിയും ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, നിങ്ങളുടെ മനസ്സിൽ നിന്നും ഇപ്രകാരമുള്ള തെറ്റായ അഭിപ്രായങ്ങൾ സകലതും പുറത്താക്കാൻ നിങ്ങൾക്കു കഴിയും. നീതിമാനായ ഒരു ദൈവമുണ്ടെന്ന് വിശ്വസിക്കുന്നുവെങ്കിൽ, അനീതിയായ ഒരു ജാതകമുണ്ടാകുമെന്ന് നിങ്ങൾ വിശ്വസിക്കില്ല. ഒരു ദൈവവും ഒരു പരിപാലനവും



ഉണ്ടെന്ന് വിശ്വസിക്കുക. അങ്ങനെയെങ്കിൽ സകലത്തെയും ചേർത്തുനിർത്തുന്ന ഒരു ജാതകമുണ്ടെന്ന് നിങ്ങൾ വിശ്വസിക്കില്ല. ശിക്ഷിക്കുന്ന ഒരു ഇടവും ഒരു രാജ്യവും ഉണ്ടെന്ന് വിശ്വസിക്കുന്നെങ്കിൽ, നിങ്ങളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും ദാരിദ്ര്യത്തിനും ബലപ്രയോഗത്തിനും വിധേയമാക്കുന്നതുമായ ഒരു ജാതകത്തിൽ നിങ്ങൾ വിശ്വസിക്കില്ല.

നിങ്ങളുടെ ജാതകത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ടു പോവുകയാണെങ്കിൽ, നിങ്ങൾ എന്തിന് വിതയ്ക്കുകയും നടുകയും യുദ്ധത്തിൽ ഏർപ്പെടുകയും ജോലിയിൽ വ്യാപൃതരാവുകയും ചെയ്യുന്നു? പിന്നെ, പ്രാർത്ഥന എന്തിനുവേണ്ടിയാണ്? ജാതകത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ മുന്നോട്ടു പോകുന്നതെങ്കിൽ നിങ്ങൾ എന്തിന് ക്രിസ്ത്യാനിയാകണം? കാരണം, നിങ്ങൾ പിന്നെ ഒന്നിനും ഉത്തരവാദിയാവുകയില്ലല്ലോ? ജീവനകലകൾ (arts of life) എന്തിൽ നിന്നും പുറപ്പെടുന്നു? അതും ജാതകത്തിൽ നിന്നാണോ? അത് പിന്തുണയ്ക്കുന്ന നിങ്ങൾ, ഒരുവൻ അധ്വാനത്താൽ ജ്ഞാനിയാകുന്നത് വിധിയാണ് എന്നും കൂട്ടിച്ചേർക്കുന്നു. അധ്വാനം കൂടാതെ ഒരു കല അഭ്യസിച്ച ഒരാളെ നിങ്ങൾക്ക് കാണിക്കാൻ കഴിയുകയില്ല. ഒരുവന്റെ ജാതകത്താലല്ല, മറിച്ച്

അധ്വാനത്താലാണ് അവൻ കഴിവ് ആർജിക്കുന്നത്.

പിതാവിൽ നിന്നും അവകാശമായി ഒന്നും ലഭിക്കുന്നില്ലെങ്കിലും, ഒരു ദുഷ്ടനും അഴിമതിക്കാരനും ധനികനാകാം. മറ്റൊരാൾ അത്യധ്വാനം ചെയ്തിട്ടും ദരിദ്രനായി തുടരുകയും ചെയ്യുന്നു. സത്ഗുണത്തിന്റെയും ദുർഗുണത്തിന്റെയും ഉദാഹരണങ്ങൾക്ക് പകരം, ധനത്തെയും ദാരിദ്രത്തെയും അടിസ്ഥാനത്തിൽ അവർ നിരന്തരം ചോദ്യങ്ങൾ ഉന്നയിച്ച് തർക്കിക്കുന്നു. ഉത്തമനാകാൻ പരിശ്രമിക്കുന്നതിനിടയിൽ ദുഷ്ടനാകുന്ന ഒരുവനെ നിങ്ങൾക്ക് കാണിക്കാമോ? അല്ലെങ്കിൽ പരിശ്രമിക്കാതെ ഉത്തമനായിത്തീർന്ന ഒരുവനെ? വിധിക്ക് എന്തെങ്കിലും ശക്തിയുണ്ടെങ്കിൽ, അതിന്റെ ശക്തി സുപ്രധാനമായ കാര്യങ്ങളിൽ കാണിക്കണം. ദാരിദ്ര്യത്തിലും സമ്പത്തിലുമല്ല, ഗുണത്തിലും നന്മയിലും അതു കാണിക്കണം.

ഒരാൾ രോഗിയും മറ്റൊരാൾ ആരോഗ്യവാനും ആയിരിക്കുന്നത് എന്തുകൊണ്ട്? വേറൊരാൾ ബഹുമാനിക്കപ്പെടുകയും മറ്റൊരാൾ അപമാനിക്കപ്പെടുകയും ചെയ്യുന്നതെന്തുകൊണ്ട്? ഒരു മനുഷ്യൻ എല്ലാ കാര്യങ്ങളിലും വിജയിക്കുകയും, മറ്റൊരാൾ സകലത്തിലും പരാജയവും പ്രതിബന്ധങ്ങളും നേരിടുകയും ചെയ്യുന്നത് എന്തുകൊണ്ട്? ജാതകം എന്ന ആശയം മാറ്റിവയ്ക്കുമ്പോൾ നിങ്ങൾക്കു മനസ്സിലാകും. ദൈവത്തിലും ദൈവീകമായ കരുതലിലും ഉറച്ചു വിശ്വസിക്കുക. Believe firmly that there is a God and a Providence. അപ്പോൾ എല്ലാം കൃത്യമാകും. എന്നാൽ ക്രമരാഹിത്യമുള്ളപ്പോൾ, ദൈവീകമായ കരുതൽ ഉണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല എന്ന് നിങ്ങൾ പറയുന്നു. സദ്പ്രവർത്തികൾ ചെയ്യുന്നവർക്കല്ല. വ്യഭിചാരവും അഴിമതിയും അവിശ്വസതയുമുള്ളവർക്ക് നല്ല ദൈവം ധനം നൽകുമെന്ന് ഞാൻ വിശ്വസിക്കണമോ?

ന്യായമോ അന്യായമോ ആയ ഒരു ജാതകത്തിൽ നിന്നാണോ ഈ മലിനതകളൊക്കെയും പുറപ്പെടുന്നതെന്ന് വസ്തുതകളുടെ അടിസ്ഥാനത്തിൽ തെളിയിക്കണം. ഇവ അന്യായങ്ങളാണെങ്കിൽ, അപ്പോൾ അന്യായം ആരാണ് ഉണ്ടാക്കിയത്? അത് ദൈവമല്ല എന്ന് നിങ്ങൾ പറയുന്നു. ഇത് ഒരിക്കലും ദൈവത്തിന്റെ പ്രവർത്തികളല്ല. ഭൂമിയും സമുദ്രവും സ്വർഗ്ഗങ്ങളും കാലങ്ങളും ഉണ്ടാക്കിയതാര് എന്ന ചോദ്യത്തിന് ജാതകം എന്ന് നിങ്ങൾ മറുപടി നൽകുന്നു. അപ്പോൾ, ജാതകത്താൽ നിർജീവമായ ഇത്തരം സംഗതികളിൽ ക്രമവും യോജിപ്പും ഉണ്ടാക്കുവാൻ കഴിയുന്നെങ്കിൽ അവ ഉപയോഗിക്കുന്നവരിൽ എന്തുകൊണ്ട് ക്രമരാഹിത്യം ഉണ്ടാകുന്നു? അത് ഒരുവൻ ശ്രദ്ധയോടും മനോഹരമായും ഒരു വീട് ചമയ്ക്കുന്നുവെങ്കിലും, ഭവനത്തിലുള്ളവരെക്കുറിച്ച് വിചാരപ്പെടാത്തത് പോലെയാണ്. കാലങ്ങളുടെ ക്രമം ആരാണ് നിശ്ചയിച്ചത്? പ്രകൃതിയുടെ പതിവ് നിയമങ്ങൾ സ്ഥാപിച്ചത് ആരാണ്? പകലും രാത്രിയും നിശ്ചയിച്ചതാരാണ്? എന്തായാലും ഇത്തരം കാര്യങ്ങൾ ഏതൊരു ജാതകത്തേക്കാളും മികവുള്ളതാണ്. എന്നാൽ ഇവയെല്ലാം സ്വയമേവ ഉണ്ടായതാണെന്ന് നിങ്ങൾ പറയുന്നു. ഇത്രയും ക്രമീകൃതമായ സംവിധാനം എങ്ങനെയാണ് സ്വയം രൂപപ്പെടുന്നത്?

ധനികരും ആരോഗ്യമുള്ളവരും പ്രശസ്തരും ഉണ്ടാകുന്നതെങ്ങനെയെന്നും, പിടിച്ചെടുക്കൽ, അനന്തരാവകാശം, അക്രമം എന്നിവയിലൂടെ എങ്ങനെയാണ് ചിലർ ധനികരാകുന്നതെന്നും പറയുക. ദുഷ്ടന്മാർ അഭിവൃദ്ധിപ്പെടാൻ ദൈവം അനുവദിക്കുന്നതെങ്ങനെ? എല്ലാവർക്കുമുള്ള പ്രതികാരം (പ്രതിഫലം, retribution) ഇവിടെയെല്ല, മറിച്ച് നിത്യതയിലാണ് ലഭിക്കുന്നത്. പക്ഷേ ഇവിടെ എനിക്ക് അതു നൽകൂ എന്നും, പരലോകത്തേക്ക് ഞാൻ ഭാരപ്പെടുന്നില്ലെന്നും നിങ്ങൾ പറയുന്നു. നിങ്ങൾ ഇവിടെയുള്ളത് അന്വേഷിക്കുന്നതിന്നതിനാലാണ് നിങ്ങൾക്കു ലഭിക്കാത്തത്. ഭൗമികമായ ആസ്വാദനം നിങ്ങളുടെ പരിധിയിയില്ല. നിങ്ങൾ ഭാവിയെക്കാൾ വർത്തമാന കാര്യങ്ങൾക്കു മുൻഗണന നൽകുന്നതിന് ആകാംക്ഷ കാണിക്കുന്നു. അപ്പോൾ കലർപ്പില്ലാത്ത ആനന്ദം (unmixed pleasure) നിങ്ങൾക്ക് എങ്ങനെ ലഭിക്കും? ഇക്കാര്യങ്ങളെല്ലാം നിസ്സാരമെന്നും സർവ്വസാധാരണമെന്നും ദൈവം കാണിക്കുന്നു. അവ സാധാരണമായിരുന്നില്ലെങ്കിൽ അവൻ മനുഷ്യർക്ക് അത്തരം കാര്യങ്ങൾ നൽകുകയില്ലായിരുന്നു. ഒരാളുടെ പൊക്കം, നിറം, സമ്പത്ത് എന്നിവ സാധാരണ കാര്യങ്ങൾ മാത്രമാണ്. എന്നാൽ സദ്ഗുണ നിർവഹണ പ്രാപ്തി, ആത്മീയദാനങ്ങൾ എന്നിവ തുല്യമായി എല്ലാവർക്കും നൽകേണ്ടതല്ലേ?

നിങ്ങൾ ദൈവത്തിന്റെ കാരുണ്യം ശരിയായി മനസ്സിലാക്കിയാൽ, ഭൗതികമായ കാര്യങ്ങളെ സംബന്ധിച്ച് പരാതിപ്പെടാതെ, ഈ ഏറ്റവും നല്ല ദാനങ്ങൾ എല്ലാവരുമായി ചേർന്നു തുല്യമായി പങ്കുവയ്ക്കും. തുല്യമായ വിതരണത്തെക്കുറിച്ച് നിങ്ങൾ അറിയുമ്പോൾ, മറ്റുള്ളവയിൽ അതീശത്വത്തിനു ആഗ്രഹിക്കുകയില്ല. ഇത് ഒരു ദാസൻ തന്റെ സഹദാസന്മാരെപ്പോലെ യജമാനന്റെ ഔദാര്യമായ ഭക്ഷണവും പാർപ്പിടവും താമസസൗകര്യവും ആസ്വദിക്കുകയും, എന്നാൽ അതേസമയം തൻറെ നീളമുള്ള നഖങ്ങളെയോ, തലയിൽ കൂടുതൽ മുടി ഉള്ളതിനെയോ സംബന്ധിച്ച് അഭിമാനിക്കുന്നത് പോലെയാണ്. അല്പകാലത്തേക്ക് മാത്രം ആസ്വദിക്കുവാൻ കഴിയുന്ന വിഷയങ്ങളിൽ ഒരു ക്രിസ്ത്യാനി സന്തോഷിക്കണം. ഈ ഭ്രാന്ത് ഇല്ലാതാക്കുന്നതിനും, പകരം നമ്മുടെ താല്പര്യം സ്വർഗീയവുമാകുന്നതിനായി ദൈവം, ആ കാര്യങ്ങൾ നമ്മളിൽ നിന്നും ദൂരീകരിക്കുന്നു. എന്നിട്ടും നാം ജ്ഞാനമുള്ളവരാകുന്നില്ല. അത്യാവശ്യമുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകുന്നതിനായി ഒരു പിതാവ് തൻറെ മകന്റെ ഇഷ്ടത്തിനു വിരുദ്ധമായി കളിപ്പാട്ടം അവനിൽ നിന്നും അകറ്റുന്നു. അതിനാൽ നമ്മെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നതിനായി, ദൈവം നമ്മളിൽ നിന്നും ക്ഷണികമായവ മാറ്റുന്നു.

ധനികരാക്കാൻ ദുഷ്ടന്മാരെ ദൈവം എന്തുകൊണ്ട് അനുവദിക്കുന്നു എന്നതിനുള്ള മറുപടി, ദൈവം മുമ്പാകെ അവർ ശ്രേഷ്ഠരല്ല എന്നതാണ്. നീതിമാന്മാർ സമ്പന്നരാകുന്നു എങ്കിൽ, അത് ദൈവം അനുവദിക്കുന്നതിനാലാണ്; ദൈവം അപ്രകാരം അവരെ ആക്കുന്നതിനാലല്ല. തിരുവെഴുത്തുകൾ അറിയാത്ത മനുഷ്യനോടാണ് ഈ കാര്യങ്ങൾ പറയുന്നത്. നമ്മൾ വിശ്വസിക്കുകയും നമ്മെ സകലവും പ്രബോധിപ്പിക്കുന്ന ദൈവീക വചനം സ്വീകരിക്കുകയും ചെയ്താൽ നമ്മുടെ ഈ പ്രബോധനങ്ങൾ ആവശ്യമില്ല. ധനവും ആരോഗ്യവും മഹത്വവും ഒന്നുമല്ല എന്ന് നാം തിരിച്ചറിയണം. സമ്പത്ത് വർദ്ധിക്കുന്നെങ്കിലും അത് അന്വേഷിക്കാത്ത അനേകരെ ഞാൻ നിങ്ങൾക്ക് കാണിച്ചു തരാം. അവർ ആരോഗ്യമുള്ളവരാണെങ്കിലും, ശരീരത്തെ തപശ്ചര്യയാൽ നിയന്ത്രിക്കുന്നു. അവർ മഹത്വത്തിലേക്ക് ഉയരുമ്പോഴും, അത് തുച്ഛീകരിക്കുവാൻ ആഗ്രഹിക്കുന്നു.

ദുർവൃത്തനാകാൻ നല്ല മനുഷ്യൻ പഠിക്കുകയില്ല. നാം ഭൗതികമായവയെ അന്വേഷിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുകയും സ്വർഗീയമായവയെ അന്വേഷിക്കുകയും ചെയ്യണം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാലും മഹാദയയാലും അവ നേടാനും, നിത്യമായ സന്തോഷം ആസ്വദിക്കാനും നമുക്ക് കഴിയും. പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ മഹത്വവും ശക്തിയും ആദരവും ഇന്നും എന്നേക്കും അവനു തന്നെ. ആമ്മീൻ.

(തുടരും)

ഹൌസ്ഖാസ് പള്ളിയിൽ വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ

ന്യൂഡൽഹി: ഹൌസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ, വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, ഓഗസ്റ്റ് 4മുതൽ 15 വരെ നടക്കും. മദ്രാസ് ഭദ്രാസന ഇടയൻ ഗീവർഗീസ് മാർ പീലക്സിനോസ് മുഖ്യ കാർമികനായിരിക്കും.

12-നു ആരംഭിക്കുന്ന പെരുന്നാൾ കൺവൻഷൻ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് തിരുമേനി ഉൽഘാടനം ചെയ്യും. 14-നു സന്ധ്യാ നമസ്കാരത്തിനു ശേഷം ഭക്തി നിർഭരമായ റാസയും, 15-ന് രാവിലെ, വി. മൂന്നിന്മേൽ കുർബാന, ഗീവർഗീസ് മാർ പീലക്സിനോസിന്റെ മുഖ്യ കാർമികത്വത്തിൽ നടക്കും.

"ക്രിസ്തുവിന്റെ ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയോ കന്യകമറിയാമിന്റെയോ ചിത്രങ്ങൾ ഒഴിവാക്കുക തന്നെ വേണം, കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗത്തിന്റെ പ്രകാശനങ്ങളാണ്; സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല."

- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം പതിനൊന്നാം ഞായർ

(വി. മർക്കോസ് 6:7-13)

ഫാ. ജെറിൻ ജോൺ അടൂർ



കർത്താവായ യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരെ ചില നിയോഗങ്ങൾക്കായി അയക്കുന്ന വേദഭാഗം. ലോകമൊക്കെ പോയി സുവിശേഷം അറിയിക്കുവാൻ വേണ്ടിയുള്ള കർത്താവിന്റെ ആഹ്വാനമാണ് ഈ വേദഭാഗത്ത് കാണുന്നത്. തങ്ങളുടെ യജമാനന്റെ കൽപ്പനയ്ക്ക് വിധേയമായി, അവന്റെ ശക്തിയെ ആശ്രയിച്ച് ലോകമൊക്കെയും പോകുവാൻ ആയിട്ടുള്ള തയ്യാറെടുപ്പിൽ ആയിരുന്നു ശിഷ്യന്മാർ.

അവർ പ്രസംഗിച്ചത് മാനസാന്തരത്തെ പറ്റിയാണ്. മനുഷ്യർ മാനസാന്തരപ്പെടണമെന്ന് അവർ പ്രസംഗിച്ചു (വാക്യം 12); മിശിഹായുടെ രാജ്യത്തിന്റെ അടുത്ത സമീപനം കണക്കിലെടുത്ത് അവർ അവരുടെ മനസ്സ് മാറ്റുകയും അവരുടെ ജീവിതം പരിഷ്കരിക്കുകയും വേണം. ശ്രദ്ധിക്കുക, സുവിശേഷ പ്രസംഗകരുടെ മഹത്തായ രൂപകൽപ്പനയും സുവിശേഷ പ്രസംഗത്തിന്റെ മഹത്തായ പ്രവണതയും ആളുകളെ മാനസാന്തരത്തിലേക്കും പുതിയ ഹൃദയത്തിലേക്കും പുതിയ വഴിയിലേക്കും കൊണ്ടുവരുന്നതായിരിക്കണം. കൗതുകകരമായ ഊഹാപോഹങ്ങൾ കൊണ്ട് അവർ ആളുകളെ രസിപ്പിച്ചില്ല, മറിച്ച് അവർ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് ദൈവത്തിലേക്ക് തിരിയണമെന്ന് അവരോട് പറഞ്ഞു.

അവർ ചെയ്ത അദ്ഭുതങ്ങൾ. അശുദ്ധാത്മാക്കളുടെ മേൽ ക്രിസ്തു അവർക്ക് നൽകിയ ശക്തി നിഷ്ഫലമായിരുന്നില്ല, അവർ അത് വൃഥാ പ്രാപിച്ചില്ല, മറിച്ച് അത് ഉപയോഗിച്ചു, കാരണം അവർ അനേകം പിശാചുക്കളെ പുറത്താക്കി (വാ. 13); രോഗികളായ പലരെയും എണ്ണ തേച്ചു സുഖപ്പെടുത്തി. യഹൂദന്മാരുടെ ആചാരപ്രകാരം ഈ എണ്ണ ഔഷധമായി ഉപയോഗിച്ചിരുന്നതായി ചിലർ കരുതുന്നു; പക്ഷേ, പരാമർശിച്ചിട്ടില്ലെങ്കിലും, ക്രിസ്തുവിന്റെ നിയമനം വഴി അത് അത്ഭുതകരമായ രോഗശാന്തിയുടെ അടയാളമായി ഉപയോഗിച്ചതായി ഞാൻ കരുതുന്നു.

നിങ്ങൾ ലോകമൊക്കെയും പോയി സുവിശേഷം അറിയിപ്പിൻ

എവൻഗെലിയൊൻ എന്ന ഗ്രീക്കുപദത്തിനു സുവാർത്ത എന്നർത്ഥം. ക്ലാസിക്കൽ ഗ്രീക്കിൽ നല്ല വാർത്തയ്ക്കു നൽകുന്ന പ്രതിഫലത്തിനാണ് ഈ വാക്കു പയോഗിക്കുന്നത്. പുതിയനിയമത്തിലും ആദിമ ക്രൈസ്തവ സാഹിത്യത്തിലും സുവാർത്തയ്ക്കാണ് എവൻഗെലിയാൻ എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. പുതിയനിയമത്തിൽ 77 തവണ ഈ പദം ഉണ്ട്. സുവിശേഷം ഒരു പുതിയനിയമപദമാണെങ്കിലും അതിന്റെ ആശയം പഴയനിയമത്തിൽ സ്പഷ്ടമായി കാണാം. യിസ്രായേലിന്റെ പ്രതീക്ഷയിൽ സുവാർത്തയ്ക്കു പ്രത്യേക പ്രാധാന്യമുണ്ട്. ക്രിസ്തുവിന്റെ ജനനത്തിനു ഏഴുനൂറാണ്ടുകൾക്കു മുൻപു യെശയ്യാ പ്രവാചകൻ വീണ്ടെടുപ്പുകാരൻ സീയോനിലേക്കു വരുമെന്നും എളിയവരോടു സദ്വർത്തമാനം ഘോഷിക്കുമെന്നും പ്രവചിച്ചു. (യെശ, 61:1,2). ‘സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോടു: നിന്റെ ദൈവം വാഴുന്നു എന്നു പറയുകയും ചെയ്യുന്ന സുവാർത്തദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!” (യെശ. 52:7). യെരൂശലേമിനെയും സീയോനെയും സുവാർത്താദൂതി എന്നു വിളിക്കുന്നു. (യെശ, 40:9).

സുവിശേഷകാരന്മാരിൽ മത്തായിയും മർക്കൊസുമാണ് എവൻഗെലിയാൻ എന്ന പദം പ്രയോഗിക്കുന്നത്. അതിന്റെ ക്രിയാരൂപം ലൂക്കൊസിലും അപ്പൊസ്തല പ്രവൃത്തികളിലുമായി 26 പ്രാവശ്യം ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ നാമമോ ക്രിയയോ ഇല്ല. യിസ്രായേല്യരോടുള്ള വാഗ്ദാനങ്ങൾ ക്രിസ്തുയേശുവിൽ ദൈവം നിവർത്തിച്ചതിന്റെയും എല്ലാവർക്കുമായി രക്ഷാമാർഗ്ഗം തുറന്നതിന്റെയും സുവാർത്തയാണ് സുവിശേഷം. “ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നതാണ് സുവിശേഷം” (1 കൊരി, 15:3, 4). ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അതാകുന്നു എന്റെ സുവിശേഷം എന്നു പൗലൊസ് അന്യത്ര വിശദമാക്കിയിട്ടുണ്ട്.

സുവിശേഷത്തിലൂടെ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ്

മനുഷ്യന്റെ രക്ഷയ്ക്കായി സുവിശേഷത്തിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. (റോമ. 1:15,16). സുവിശേഷത്തിൽ വിശ്വസിക്കുന്നതു രക്ഷയും സുവിശേഷത്തെ തള്ളിക്കളയുന്നത് നിത്യനാശവുമാണ്. (മർക്കൊ, 16:15, 16). സുവിശേഷം ക്രിസ്തുവിനോടു കൂടെയാണ് വന്നതെങ്കിലും അബ്രാഹാമിനു ദൈവം നല്കിയ അനുഗ്രഹവാഗ്ദാനത്തിലും (ഗലാ, 3:8), പ്രവാചക എഴുത്തുകളിലും (റോമ, 1:2) അത് ഉൾക്കൊണ്ടിരുന്നു. സുവിശേഷം വന്നതു ശക്തിയോടെയാണ് (1തെസ്സ, 1:5); മാത്രവുമല്ല, സുവിശേഷം ദൈവശക്തി തന്നെയാണ്. (റോമ, 1:16). സുവിശേഷത്തെ ദൈവത്തിന്റെ സുവിശേഷം (1തെസ്സ, 2:2, 9), ക്രിസ്തുവിന്റെ സുവിശേഷം (മർക്കൊ, 1:1; റോമ, 15:19), ദൈവകൃപയുടെ സുവിശേഷം (പ്രവൃ, 20:24), സമാധാന സുവിശേഷം (എഫെ, 6:15), രക്ഷയെക്കുറിച്ചുള്ള സുവിശേഷം (എഫെ, 1:13), തേജസ്സുള്ള സുവിശേഷം (2കൊരി, 4:4), എന്നിങ്ങനെ വിളിക്കുന്നു. ക്രിസ്തുവും (മത്താ, 4:23; 11:5), അപ്പൊസ്തലന്മാരും (പ്രവൃ. 16:10; റോമ, 1:15), സുവിശേഷകന്മാരും (പ്രവൃ, 8:25) സുവിശേഷം പ്രസംഗിച്ചു. എ.ഡി. 150-നു ശേഷമാണ് പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾക്കും സുവിശേഷങ്ങൾ എന്ന പേരു ലഭിച്ചത്.

സുവിശേഷം: ഒരു നല്ല നാളയെ കുറിച്ചുള്ള പ്രതീക്ഷ

ഒരു നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷ മനുഷ്യവ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിന്റെ ഭാഗമാണ്. വിശുദ്ധഗ്രന്ഥം ഇതിനു സാക്ഷ്യം നല്കുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, സ്നേഹം, നീതി, സമാധാനം എന്നീ മൂല്യങ്ങൾ യാഥാർത്ഥ്യമാകുന്നതു കാണാൻ കാത്തിരിക്കുന്ന ജനസമൂഹത്തെക്കുറിച്ചാണ് പഴയനിയമം പറയുന്നത്. അതേസമയംതന്നെ, ഇവയെല്ലാം കേവലം ജനത്തിന്റെ ആഗ്രഹങ്ങളായിട്ടല്ല, പ്രത്യുത, ദൈവം മനുഷ്യനു വച്ചുനീട്ടുന്ന വാഗ്ദാനങ്ങളുടെ ഭാഗമായിട്ടാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്. ദൈവത്തിൻറെ ഛായാചിത്രംതന്നെ ഈ നന്മകൾ എണ്ണിപ്പറഞ്ഞുകൊണ്ടാണ് വിശുദ്ധഗ്രന്ഥം വരച്ചുകാട്ടുന്നത്.

മർദ്ദിതർക്ക് നീതിനടത്തിക്കൊടുക്കുകയും ബന്ധിതരെ മോചിപ്പിക്കുകയും അനാഥരെ സംരക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ചാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. ദൈവത്തിന്റെ രാജത്വവും ആധിപത്യവും നന്മയുടെ സ്രോതസ്സായി സങ്കീർത്തനങ്ങൾ വർണ്ണിക്കുന്നതു ശ്രദ്ധേയമാണ്.

യേശു ദൈവരാജ്യം പ്രഘോഷിച്ചപ്പോൾ വിമോചനത്തിന്റെയും വിജയത്തിന്റെയും ആവേശമാണ് അത് ജനങ്ങൾക്കു പകർന്നു കൊടുത്തത്. അടിമത്തത്തിന്റെയും അനീതിയുടെയും കാലഘട്ടത്തിനു തിരശ്ശീല വീഴുന്നതായും നീതിയുടെയും സമാധാനത്തിന്റെയും പുതിയൊരു യുഗം ഉദയംചെയ്യുന്നതായും അതിന്റെ പ്രഖ്യാപനം അവരെ വിളിച്ചറിയിച്ചു. സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളിൽ സമൂലപരിവർത്തനം സൃഷ്ടിക്കുവാൻ പര്യാപ്തമായ ഒരു വിപ്ലവത്തിന്റെ കാഹളമായിരുന്നു, ‘ദൈവരാജ്യം സമാഗതമായിരിക്കുന്നു‘ എന്ന് യേശു പ്രസംഗിച്ചപ്പോൾ ജനങ്ങൾ മനസ്സിലാക്കിയത്. ദൈവരാജ്യത്തിന്റെ അർത്ഥം ആധുനിക മനുഷ്യൻറെ ഭാഷയിലേക്കു തർജ്ജിമ ചെയ്താൽ അതിനെ ‘ദൈവത്തിന്റെ വിപ്ലവം‘ (God’s Revolution) അഥവാ ‘ദൈവത്തിൻറെ വിമോചന പ്രസ്ഥാനം‘ (God's Liberation) എന്നു വിളിക്കേണ്ടിയിരിക്കുന്നു. ഈ വിപ്ലവത്തിന്റെ പ്രഘോഷണം ആയിരങ്ങളെ ആകർഷിക്കുന്നതായിരുന്നു സുവിശേഷങ്ങൾ അതു വ്യക്തമാക്കുന്നുണ്ട് (മർക്കോ 1:12; മത്താ 7:28-29; ലൂക്കാ 4:32; യോഹ 7:16). യേശുവിൻറെ സന്ദേശത്തിൻറെ ആകർഷണീയതയ്ക്കു കാരണം യേശു ദൈവരാജ്യം പ്രസംഗിച്ചതായിരുന്നു. സമകാലികരായിരുന്ന റബ്ബിമാരും നിയമജ്ഞരും ദൈവരാജ്യം എന്ന പ്രയോഗം പ്രഭാഷണങ്ങളിൽനിന്ന് ഒഴിവാക്കുകയാണു ചെയ്തത്. യേശുവിൻറെ സവിശേഷതയായ ദൈവരാജ്യപ്രഘോഷണം അർത്ഥമാക്കിയതെന്താണെന്നു നോക്കാം. പ്രധാനമായി നാലു വസ്തുതകൾ ദൈവരാജ്യത്തിൻറെ അർത്ഥം എന്തെന്നു ചർച്ചചെയ്യുമ്പോൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. ◆

Church Calendar

THE START OF THE PUBLIC MINISTRY

(ELEVENTH SUNDAY AFTER PENTECOST, MARK 06:7-13)

Fr. Sajoie Samuel



Solan, the Greek philosopher (born c 630 B.C.) once showed a rotten apple to his disciples and asked them how it could be made fresh again? The disciples were at a loss of words. The guru was talking the impossible. The apple was decaying and a foul stench was emanating from it. When the disciples were silent the mentor gave them the reply. The apple needs to be cut into half, the seeds to be planted which would bring forth new fruits. The disciples were astounded at the knowledge of the master.

"Bring forth fruits of repentance". Jesus said to His disciples when sending them out for their public ministry. It was a continuation of the message preached by St. John the Baptist. The Baptist was brutal in his judgment towards the Pharisees and tax collectors. The passage to the Kingdom of God was granted to only those who were willing to turn around from their vile ways and embrace the virtuous path. The onus to preach on this to the believers was now on the shoulders of the disciples who had to follow the model shown by Jesus and John the Baptist.

I. DO NOT CARRY ANY BURDEN THAT WOULD HINDER YOUR SPIRITUAL JOURNEY

The spiritual journey of a believer is an arduous and herculean task. Physical and mental burdens should be set aside for a comfortable experience. Jonah was onboard the ship with a lot of burdens. These burdens were not tangible but mental afflictions. Mental hindrances are more dangerous than physical ones as they make us willfully ignore the consequences. Hence Jonah is able to sleep in calm and inspite of the turmoil outside. He had insulated his mind to be unaffected to what was happening around him.

Day by day, we are carrying umpteen number of burdens that bring us down and demotivate us in our spiritual quests. Hence Jesus exhorts His disciples to minimise their baggage by which they can lead a life of comfort. They would be better off in clinging to their Heavenly Father than bank on earthly treasures. Hence Jesus exhorts those who are carrying heavy burdens in the Gospel of St. Mathew to come to Him for rest. This rest cannot be obtained by those who bank upon earthly treasures.

II. ENCOURAGING PERSEVERANCE IN THE FACE OF REJECTION

As Christian we are promised of certain intrinsic features by our Lord and Savior. One of such traits is rejection. None would know this more than the Old Testament Patriarch named Moses. He faced rejection from both his friends and foes. Pharoah swore to kill him and wipe out his existence from earth. His own kinsmen rallied against him. Inspite of these rejections he mustered up courage to go upto the king and speak for deliverance for his people.

Evil has a pervading nature. It blossoms in itself and brings up everything in it's wake. But it has a positive end too. If we successfully endure it, it is an elixir for us and for the coming generations too. Jesus defeated evil on the cross and hence He became the Messiah of all the human race. Hence sin has its limitations, and when we overcome it we become successful discipes of our Lord.

കാതോലിക്കാ സിംഹാസനം

“നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.”

– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്